മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 03 | THE ONLINE OFFICIAL NEWS BULLETIN | 2024 January 16

SEASON OF THE EPIPHANY | ദനഹാകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
19	20	21	22	23	24	25
2nd Sunday after Epiphany		16th Mem. of Philipose Mar Eusebius Metropolitan (Pathanamthitta Basil Dayara)	209th Mem. Of Mar Thoma VIII (Puthencavu Cathedral)	Comme. of St. Augen the monk		
4	8	4	8	4	8	4



മലങ്കരസഭയുടെ നിർണായക ചരിത്രമുഹൂർത്തമായ മാവേലിക്കര പടിയോലകൾ ചിത്രങ്ങളായി പുനർജനിച്ചു

മാവേലിക്കര: മലങ്കരസഭയ്ക്കു മേൽ അധിനിവേശം ലക്ഷ്യമിട്ട് ബ്രിട്ടീഷ് മിഷണറിമാർ നൽകിയ നിർദേശങ്ങളെ അവഗണിച്ച് 1836-ൽ മാവേലിക്കര പള്ളിയിൽ തയ്യാറാക്കിയ ഉടമ്പടിയാണ് മാവേലിക്കര പടിയോല. സുറിയാനി ക്രിസ്ത്യാനികളുടെ ആത്മീയവും ലൗകികവുമായ സർവകാര്യങ്ങളിലും തീരുമാനമെടുക്കാനുള്ള വേദിയായിരുന്ന മലങ്കര പള്ളിയോഗം എന്ന പ്രതിനിധി സഭയാണ് അന്നത്തെ ബ്രിട്ടീഷ് മിഷനറിമാരുടെ നിർദേശങ്ങളെ അവഗണിച്ച് നിർണായക തീരുമാനങ്ങൾ കൈക്കൊണ്ടത്.

മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ 1080-ാം വാർഷികത്തിന്റെ ഭാഗമായാണു പടിയോല പൂർണമായും ചിത്രങ്ങളിലാക്കിയത്. ചിത്രകാരനായ ജിജുലാലാണു ഈ ചരിത്രം കാൻവാസിലേക്കു പകർത്തിയത്.

സെന്റ് മേരീസ് പള്ളിയിൽ നടന്ന ചടങ്ങിൽ പ. ബസേലിയാസ് മാർതോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. മാവേലിക്കര പടിയോലകളുടെ ചിത്രം രമേശ് ചെന്നിത്തല എം.എൽ.എ. അനാച്ഛാദനം ചെയ്തു. ഡോ. എം. കുര്യൻ തോമസ് എഡിറ്റു ചെയ്ത 'മാവേലിക്കരയും പടിയോലകളും' എന്ന പുസ്തകം പ്രകാശനം ചെയ്തു. അവിട്ടം തിരുനാൾ ആദിത്യവർമ്മ യോഗം ഉദ്ഘാടനം ചെയ്തു. എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായും ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പൊലീത്തായും അനുഗ്രഹ പ്രഭാഷണങ്ങൾ നടത്തി.

മാർത്തോമൻ പൈതൃക സ്മൃതി ജനുവരി നാളെ പ്രകാശനം ചെയ്യും

കോട്ടയം: മാർത്തോമ്മൻ പൈതൃക സംഗമത്തിന്റെ സ്മാരകമായി പ്രസിദ്ധീകരിക്കുന്ന മാർത്തോമ്മൻ പൈതൃക സ്മൃതി ജനുവരി 17 വെള്ളിയാഴ്ച രണ്ടു മണിക്ക് ദേവലോകത്ത് ചേരുന്ന സമ്മേളനത്തിൽ പ. ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ പ്രകാശനം ചെയ്യും. ഡോ. യാക്കോബ് മാർ ഐറേനിയോസ് അദ്ധ്യക്ഷത വഹിക്കും.

സുപ്രീംകോടതി നിലപാടിനെ സ്വാഗതം ചെയ്ത് ഓർത്തഡോക്സ് സഭ

കോട്ടയം: മലങ്കരസഭാതർക്കത്തിലെ മുൻകാല വിധികളിൽ ഇടപെടാൻ ആഗ്രഹിക്കുന്നില്ലെന്ന സുപ്രീംകോടതി നിരീക്ഷണത്തെ സ്വാഗതം ചെയ്ത് ഓർത്തഡോക്സ് സഭ. മലങ്കരസഭയുടെ പള്ളികളിലെ വിശ്വാസികളുടെയും, എതിർ കക്ഷികളുടെയും എണ്ണം എടുക്കുന്നത് മുൻ ഉത്തരവുകളിൽ മാറ്റം വരുത്തുന്നതിനല്ലെന്ന സുപ്രീംകോടതി നിരീക്ഷണത്തെ സ്വാഗതം ചെയ്യുന്നു. ഇത്തരം കണക്കുകൾ സമാധാനപരമായ അന്തരീക്ഷം തകർക്കുമെന്ന നിലപാടാണ് സഭയ്ക്കുള്ളത്. കക്ഷികൾക്ക് സർക്കാർ ഈ കണക്കുകൾ നൽകരുതെന്ന സഭയുടെ ആവശ്യം കോടതി അംഗീകരിക്കുകയും ചെയ്തു. പ്രശ്നങ്ങൾ സങ്കീർണമാക്കാനല്ല, സമാധാനപരമായ പരിഹാരമാണ് ഉദ്ദേശിക്കുന്നതെന്ന കോടതി നിരീക്ഷണത്തിൽ കാര്യങ്ങൾ വ്യക്തമാണ്. 6 പള്ളികളുടെ കോടതിയലക്ഷ്യ ഹർജി മാത്രമാണ് സുപ്രീംകോടതി പരിഗണിക്കുന്നത്. കോടതിയലക്ഷ്യക്കേസിന്റെ പരിധിക്ക് പുറത്തേക്ക് വിഷയം കൊണ്ടു പോകാൻ ഉദ്ദേശിക്കുന്നില്ലെന്ന സുപ്രീംകോടതി നിരീക്ഷണം മലങ്കരസഭയിൽ ശാശ്വത സമാധാനത്തിന് ഇടവരുത്തുമെന്ന് പ്രതീക്ഷിക്കുന്നതായി സഭയുടെ മാധ്യമ വിഭാഗം തലവൻ ഡോ.യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത പ്രതികരിച്ചു.



കാതോലിക്കേറ്റ് ഹയർസെക്കൻഡറി സ്കൂൾ ഏർപ്പെടുത്തിയ പ്രഥമ പുത്തൻകാവിൽ മാർ പീലക്സിനോസ് പുരസ്കാരം ദയാബായിക്ക് കാതോലിക്കേറ്റ് & എം ഡി സ്കൂൾ മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സമ്മാനിക്കുന്നു. ഡോ. ടെസി തോമസ്, ഡോ. പ്രമീളാ ദേവി, ശ്രീല മേനോൻ, ജേക്കബ് ജോർജ്, അബ്ദുൽ മനാഫ്, ഫാ. എബി വർഗീസ്, ഗ്രേസൺ മാത്യു, എന്നിവർ സമീപം. ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾ, പരിസ്ഥി സംരക്ഷണത്തിനു വേണ്ടി നടത്തിയ പോരാട്ടങ്ങൾ എന്നിവ കണക്കിലെടുത്താണ് ദയാ ബായിക്ക് പുരസ്കാരം നൽകിയത്.

ലേഖനം

മലങ്കരയുടെ മാർത്തോമ്മൻ പൈതൃകത്തിന് ഒരാമുഖം

ഫാ. ഡോ. ജേക്കബ് കുര്യൻ

മുഖവുര

പന്ത്രണ്ട് അപ്പൊസ്തോലന്മാരിൽ ഒരുവനായ മാർതോമാ ശ്ലീഹായുടെ പൈതൃകം പേറുന്നവരാണ്, "മലങ്കര"യിലെ എല്ലാ പുരാതന സഭാസമൂഹങ്ങളും. "മലങ്കര" എന്ന പദം, "കേരളം" രൂപം പ്രാപിക്കുന്നതിനു മുമ്പുള്ള "മലബാർ" പ്രദേശത്തിന് പണ്ടേ ഉപയോഗിക്കപ്പെട്ടതാണ്. ഇന്ത്യയെയും മാർത്തോമ്മാ ശ്ലീഹായെയും തമ്മിൽ ബന്ധിപ്പിക്കുന്ന ധാരാളം പുരാതന രേഖകളുണ്ടെന്നുള്ളതും, അവയ്ക്ക് ചരിത്ര സാക്ഷിയായി ഇരുപത്തൊന്നു നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു ക്രൈസ്തവ സമൂഹം പ്രധാനമായും ദക്ഷിണഭാരതത്തിൽ ഉണ്ടെന്നുള്ളതും ആർക്കും നിഷേധിക്കാനാവുന്നതല്ല. ഈ വസ്തുതകളെപ്പറ്റി അനേകം ചരിത്രകാന്മാരോടൊപ്പം, ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതിയായ ഡോ. രാജേന്ദ്രപ്രസാദും,[1] ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവും,[2] ഇന്ത്യയുടെ ദാർശനിക പ്രതിഭയും രാഷ്ട്രപതിയുമായിരുന്ന ഡോ. രാധാകൃഷ്ണനും,[3] സമീപകാല രാഷ്ട്രപതിയായിരുന്ന പ്രണബ് കുമാർ മുഖർജിയും[4] വ്യക്തമായി പറഞ്ഞിട്ടുണ്ട്.

1. മാർതോമാ ശ്ലീഹാ: പന്ത്രണ്ട് അപ്പൊസ്തോലന്മാരിൽ ഒരുവൻ: സ്ഥാനത്തിൽ തുല്യൻ


പുതിയനിയമത്തിൽ അപ്പോസ്തോലന്മാരുടെ ലിസ്റ്റ് കൊടുക്കുന്ന എല്ലായിടത്തും (മത്തായി 10:2; മർക്കോസ് 3:16–19; ലൂക്കോസ് 6:14–16; അപ്പോ. പ്ര. 1:13) മാർതോമാ ശ്ലീഹായുടെ പേരുണ്ട്. അവർക്കുള്ള ആത്മീയാധികാരത്തെ സൂചിപ്പിച്ചുകൊണ്ട്, "പന്ത്രണ്ടു സിംഹാസനങ്ങൾ" അവർക്ക് വാഗ്ദാനം ചെയ്തിട്ടുമുണ്ട് (മത്തായി 19:28; ലൂക്കോസ് 22:30). പന്ത്രണ്ടുപേർക്ക് ശിഷ്യഗണത്തിൽ പ്രത്യേക സ്ഥാനം ആദിമസഭ നൽകിയതിനെക്കുറിച്ചും അപ്പോസ്തോല പ്രവൃത്തിയിൽ സൂചനകളുണ്ട്. ഉദാഹരണത്തിന്, യൂദാ ഇസ്ക്കര്യോത്തായ്ക്കു പകരം ഒരാളെ തിരഞ്ഞെടുത്ത് (മത്തിയാസ്) ആ ഒഴിവു നികത്തുന്ന നടപടി ശ്രദ്ധേയമാണ് (അപ്പോ. പ്ര. 1:25). അവർക്ക് ചില ശുശ്രൂഷകൾക്കായി പ്രത്യേക "അധികാരം" നൽകിയെന്നും വ്യക്തം (മത്തായി 10:1; 18:18). അധികാരത്തോടെ, അവരെ ലോകത്തിലേക്ക് അയക്കുന്നുവെന്നും (യോഹ. 17:18), ആയതുകൊണ്ട് അവരെ പ്രത്യേകമായി വിശുദ്ധീകരിക്കണമെന്നും (യോഹ. 17:19), യേശുവിന്റെ മഹാപുരോഹിത പ്രാർത്ഥനയിൽ (യോഹ. 17) സ്വർഗ്ഗീയ പിതാവിനോട് അപേക്ഷിച്ച് അറിയിക്കുന്നു. അവരുടെ മധ്യസ്ഥതായാചനയ്ക്ക് പ്രത്യേക പ്രാധാന്യമുണ്ടെന്നും യേശുക്രിസ്തു സൂചിപ്പിച്ചു (യോഹ. 16:23, 24).

2. തോമാശ്ലീഹാ: പേരിലെ കാര്യം

തോമാ ശ്ലീഹായ്ക്ക് ഒരു ഔദ്യോഗിക നാമവും, ഒരേ അർത്ഥം വരുന്ന രണ്ട് വിളിപ്പേരുകളും ഉണ്ടായിരുന്നു. ഔദ്യോഗിക നാമം യൂദാ (യഹൂദാ) എന്നായിരുന്നു. വിളിപ്പേര്, അന്നത്തെ ഒരു പൊതുരീതി അനുസരിച്ച് ഒന്ന് അരമായയിലും മറ്റത് ഗ്രീക്കിലും ആയിരുന്നു. അരമായയിലെ വിളിപ്പേര് "തോമസ്" എന്നും, ആ പദത്തിന്റെ അർത്ഥം, "ഇരട്ട" എന്നും അതിന്റെ ഗ്രീക്ക് രൂപം "ദിദിമോസ്" എന്നും ആയിരുന്നു.

3. എന്തുകൊണ്ട് "ഇരട്ട"?

'ഇരട്ട' എന്ന പദം തോമാ ശ്ലീഹായുമായി ബന്ധിച്ച് ഉപയോഗിച്ചത് ഏതർത്ഥത്തിലായിരുന്നു എന്ന ചോദ്യം പ്രസക്തമാണ്. ഒരു പ്രത്യേക അർത്ഥവും സൂചനയും ഇല്ലാതെ, യഹൂദന്മാരുടെ ഇടയിലെ ഒരു സാധാരണ വിളിപ്പേരായി



"തോമാ" എന്ന പേരിനെ കാണാമെന്നും, അന്നൊക്കെ മിക്കവാറും എല്ലാവർക്കും തന്നെ പേരിന് ഒരു ഗ്രീക്കു പരിഭാഷാ രൂപവും ഉപയോഗിച്ചിരുന്നുവെന്നും വിചാരിക്കുന്നവരുണ്ട്. ഉദാഹരണത്തിന് കർതൃശിഷ്യനായ ശീമോൻ, "കേഫാ" എന്ന് അരമായയിലും അതിന്റെ പരിഭാഷാരൂപമായി "പത്രോസ്" എന്ന് ഗ്രീക്കിലും വിളിക്കപ്പെട്ടിരുന്നു. "കേഫാ" അഥവാ "പത്രോസ്" എന്ന വിളിപ്പേരിന് "പാറ" എന്നയർത്ഥമുണ്ടായിരുന്നതിനാൽ, ശീമോന്റെ ജീവചരിത്രപരമായിട്ടോ സ്വഭാവസംബന്ധമായോ "പാറ"യ്ക്ക് പ്രത്യേക പ്രാധാന്യം ഉണ്ടായിരുന്നുവെന്ന് പറയുവാൻ പറ്റില്ല. അതുപോലെ, തോമാ എന്ന പേരിന് "ഇരട്ട" എന്നയർത്ഥമുണ്ടായിരുന്നതിനാൽ, ഇരട്ടപിറന്നവൻ എന്നോ മറ്റോ ചിന്തിക്കണമെന്ന് നിർബന്ധമില്ല. പക്ഷേ, ക്രൈസ്തവ സഭയുടെ പുരാതന പാരമ്പര്യപ്രകാരം, തോമാ ശ്ലീഹായുടെ പേരിനുള്ള "ഇരട്ട" സൂചനയ്ക്ക് ചില വ്യാഖ്യാനങ്ങൾ കൊടുത്തു കാണുന്നുണ്ട്. ഇപ്രകാരം മൂന്നോളം വ്യാഖ്യാനങ്ങൾ ഉണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഒന്ന്, ആക്ഷരികമായി തോമ്മാ ശ്ലീ

ഹായ്ക്ക് ഒരു ഇരട്ടസഹോദരൻ ഉണ്ടായിരുന്നുവെന്നാണ്. ഈ ഇരട്ടസഹോദരൻ ശ്ലീഹന്മാരിൽ ഒരുവൻ തന്നെ ആയിരുന്നുവെന്നോ അതോ മറ്റൊരാൾ ആയിരുന്നുവെന്നോ വ്യക്തമായിപ്പറയാൻ സാധ്യമല്ല. ശ്ലീഹന്മാരിൽ ഒരുവൻ തന്നെ ആയിരുന്നെങ്കിൽ അപ്രകാരം മറ്റെയാളിനെക്കുറിച്ചും ഒരു സൂചന ഉണ്ടാകണമായിരുന്നു (ഇങ്ങനെയാണെങ്കിലും, ശ്ലീഹന്മാരുടെ പേരുകൾ കൊടുത്തിരിക്കുന്ന പുതിയനിയമ ഭാഗങ്ങളിൽ മൂന്നു പേരുകൾ എപ്പോഴും അടുത്തടുത്താണ്: ബർത്തലോമായി, തോമസ്, മത്തായി. സഭാപിതാക്കന്മാരിൽ ചിലർ ഇന്ത്യയുമായും പാർത്തിയയുമായും, ബർത്തലോമിയയെ ബന്ധിപ്പിച്ചെഴുതിയിട്ടുമുണ്ട്). രണ്ടാമത്തെ വ്യാഖ്യാനം, 'ഇരട്ട' എന്ന പദത്തിന് പാതി സഹോദരൻ എന്ന സൂചന ഉണ്ടാകാമെന്നും, അങ്ങനെയെങ്കിൽ യേശുവിന്റെ തന്നെ പാതി സഹോദരന്മാരായ യാക്കോബ്, യോസെ, ശീമോൻ, യൂദാ (മത്തായി 13:55) എന്നിവരിൽ അവസാനത്തെ ആളായ "യൂദാ" തന്നെയാണ്, യൂദാ തോമാ എന്ന തോമാ ശ്ലീഹാ എന്നും ധരിക്കാമെന്നുമാണ്. മൂന്നാമത്തെ വ്യാഖ്യാനം, തോമാ ശ്ലീഹായുടെ രണ്ടു വിരലുകൾ 'ഇരട്ട'യായി ചേർന്നിരിക്കുന്നതിനാൽ, അല്പം നർമ്മം ചേർത്തു കൊടുത്ത വിളിപ്പേരായിരുന്നു "ഇരട്ട" എന്നാണ്.

4. തോമാ ശ്ലീഹാ പുതിയനിയമത്തിൽ

പുതിയനിയമപ്രകാരം, പന്ത്രണ്ട് അപ്പോസ്തലന്മാരുടെയിടയിൽ മാർ തോമാ ശ്ലീഹാ പ്രത്യേകം ശ്രദ്ധേയനാണ്. വി. യോഹന്നാന്റെ സുവിശേഷത്തിലാണ് നാലു സന്ദർഭങ്ങളിലായി തോമാ ശ്ലീഹാ പ്രത്യേകം പരാമർശിക്കപ്പെടുന്നത്. നാലു സന്ദർഭങ്ങളിലും, തോമാ ശ്ലീഹായുടെ ഓരോ വാചകങ്ങൾ ക്രൈസ്തവ ചരിത്രത്തിലും വിശ്വാസ ജീവിതത്തിലും പ്രത്യേകം പ്രാധാന്യമുള്ളവയാണ്.

1. **യോഹ. 11:1-16** (യേശുവും ശിഷ്യന്മാരും, ലാസറിന്റെ രോഗവിവരം അറിഞ്ഞ് ബെഥാന്യയിലേക്ക് പോകുവാൻ ഒരുങ്ങുന്നു) **തോമാ ശ്ലീഹായുടെ വചനം: യോഹ. 11:16** (മഹത്തായ ആഹ്വാനം) "അവനോടു കൂടെ മരിക്കേണ്ടതിനു നാമും പോക."

2. യോഹ. 14:1-6 (യേശുവിന്റെ വിടപറയൽ പ്രബോധനങ്ങളുടെ പ്രാരംഭം) **തോമാ ശ്ലീഹായുടെ വചനം: യോഹ. 14:5** (മഹത്തായ അന്വേഷണം) "കർത്താവേ, നീ എവിടെപ്പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല; പിന്നെ വഴി എങ്ങനെ അറിയും?"

3. യോഹ. 20:19-25 (ഉയിർപ്പിനുശേഷം യേശുവിന്റെ പ്രത്യക്ഷപ്പെടൽ) **തോമാ ശ്ലീഹായുടെ വചനം:** യോഹ. 20:25 (മഹത്തായ നിർബന്ധം) "ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും, ആണിപ്പഴുതിൽ വിരൽ ഇടുകയും, അവന്റെ വിലാപ്പുറത്തു കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല."

4. യോഹ. 20:26-29 (തോമാ ശ്ലീഹായ്ക്കുവേണ്ടി യേശുവിന്റെ പ്രത്യക്ഷപ്പെടൽ) **തോമാ ശ്ലീഹായുടെ വചനം:** യോഹ. 20:28 (മഹത്തായ സാക്ഷ്യം) "എന്റെ കർത്താവും എന്റെ ദൈവവുമേ."

5. **തോമാ ശ്ലീഹായുടെ സുവിശേഷ വയൽ:** പാർത്തിയൻ സാമ്രാജ്യത്തിലെ "ഇന്ത്യ", "പേർഷ്യ" പ്രദേശങ്ങളും, അതിനു വെളിയിലുള്ള 'മലബാർ', ദ്രാവിഡ ദേശങ്ങളും).

മാർതോമാ ശ്ലീഹാ, പഴയ പാർത്തിയൻ സാമ്രാജ്യത്തിലെ ഇന്ത്യ, പേർഷ്യ പ്രദേശങ്ങളിലേക്കും അതിനും വെളിയിലുള്ള മലബാർ, ദ്രാവിഡ ദേശങ്ങളിലേക്കും ആണ് അയക്കപ്പെട്ടത്. യേശുക്രിസ്തു നൽകിയ പ്രധാന നിയോഗ മാർഗ്ഗരേഖ പ്രകാരം (മത്തായി 10:6) ആദ്യം, ചിതറിക്കിടക്കുന്ന യഹൂദ ജാതിയിലേക്കും അവരിലൂടെയും അല്ലാതെയും, മറ്റുള്ളവരിലേക്കും സുവിശേഷവേല വ്യാപിച്ചു.

മാർത്തോമ്മാ ശ്ലീഹാ **പാർത്തിയയിൽ** സുവിശേഷം അറിയിച്ചുവെന്ന്, ഓറിജനെ (2-3 നൂറ്റാണ്ട്) ഉദ്ധരിച്ചും നേരിട്ടും, സഭാചരിത്രകാരനായ യൂസേബിയോസ് (4-ാം നൂറ്റാണ്ട്) രേഖപ്പെടുത്തിയിട്ടുണ്ട്.[5]

ഇൻഡോ-പാർത്തിയൻ സാമ്രാജ്യത്തിലെ ഇന്ത്യയിലേക്ക്, പ്രത്യേകിച്ച്, ഗോണ്ടഫോറസിന്റെ രാജ്യത്തിലേക്ക്, മാർത്തോമാ ശ്ലീഹായെ അയച്ച കഥയാണ്, **തോമായുടെ പ്രവൃത്തികൾ** എന്ന സുറിയാനി കൃതി (3-ാം നൂറ്റാണ്ട്). നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സുറിയാനി സഭാപിതാവും കവിയുമായ അഫ്രേം തന്റെ നിസിബിയൻ ഗീതങ്ങളിലും, മദറോശൊകളിലും, മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ സുവിശേഷം അറിയിച്ച്, രക്തസാക്ഷിയായി തിരുശേഷിപ്പ് എഡേസായിലേക്ക് കൊണ്ടുപോകപ്പെട്ട കാര്യം പരാമർശിച്ച് ദീർഘമായി, കാവ്യാത്മകമായി, പ്രതിപാദിച്ചിട്ടുണ്ട്. മൂന്നാം നൂറ്റാണ്ടിൽ തന്നെ എഴുതപ്പെട്ട, അപ്പോസ്തോലന്മാരുടെ ഉപദേശം (Doctrine of the Apostles) എന്ന കൃതിയിൽ ഇപ്രകാരം ഒരു പരാമർശം ഉള്ളതായി ഫാ. ഡോ. വി. സി. ശമുവേൽ എഴുതിയിട്ടുണ്ട്: "ഇന്ത്യയും അതിലുൾപ്പെട്ടതും അതിനു ചുറ്റിലും കിടക്കുന്നതുമായ രാജ്യങ്ങളും പൗരോഹിത്യപരമായ അപ്പോസ്തോലിക കൈവയ്പ് യൂദാസ് തോമാസിൽ നിന്നും പ്രാപിച്ചു. അവിടെ അദ്ദേഹം സ്ഥാപിച്ച സഭയെ സ്വയം നയിക്കുകയും ചെയ്തു."[6] കപ്പദോക്യൻ പിതാവായ നാസിയാൻസിലെ മാർ ഗ്രീഗോറിയോസ് (നാലാം നൂറ്റാണ്ട്) അറിയൂസുകാർക്കെതിരെ എഴുതിയ പ്രബന്ധത്തിൽ മാർതോമാശ്ലീഹാ ഇന്ത്യയിൽ സുവിശേഷം അറിയിക്കുവാൻ അയക്കപ്പെട്ടുവെന്നു പറയുന്നു. പാശ്ചാത്യ സഭയുടെ പിതാവായ അംബ്രോസ് (നാലാം നൂറ്റാണ്ട്) "ബ്രാഹ്മണർ" വസിക്കുന്ന ഇന്ത്യയെക്കുറിച്ചും, ഇന്ത്യയിൽ പോയ തോമാശ്ലീഹായെക്കുറിച്ചും, ഇന്ത്യയിലെ തുറമുഖപട്ടമായ മുസിറിസിനെക്കുറിച്ചും വിവിധ പരാമർശങ്ങൾ നടത്തിയിട്ടുണ്ട്.[7] പാശ്ചാത്യ സഭയുടെ തന്നെ പിതാവായ ജെറോം, അദ്ദേഹത്തിന്റെ ഒരു കത്തിൽ (Epistola ad Marcellam), യേശുക്രിസ്തു ആത്മാവിൽ ഓരോ അപ്പോസ്തോലന്മാരോടൊപ്പം ഓരോ സ്ഥലത്ത് സന്നിഹിതനായിരുന്നു എന്നു പറയുന്ന കൂട്ടത്തിൽ, മാർതോമ്മാ ശ്ലീഹായോടൊപ്പം ഇന്ത്യയിലും ആയിരുന്നു എന്നു പറഞ്ഞിരിക്കുന്നു. ജെറോമിന്റെ തന്നെ "വിശുദ്ധന്മാരുടെ ജീവിതകഥ"കളിൽ, മാർതോമ്മാ ശ്ലീഹാ ഇന്ത്യയിൽ സുവിശേഷം അറിയിച്ച്, ഇന്ത്യയിലെ **കലാമിന**യിൽ മരിച്ചുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.[8] "കലാമിന" പണ്ടത്തെ "ചോളമണ്ണ്" അഥവാ അതിലെ "ചിന്നമല" ആണെന്നും പിൽക്കാലത്ത് മൈലാപ്പൂർ ആയി അറിയപ്പെട്ടുവെന്നും പല ചരിത്രകാരന്മാരും പറയുന്നു. അഞ്ചാം നൂറ്റാണ്ടിൽ പാശ്ചാത്യസഭയിലെ ബിഷപ്പായിരുന്ന നോലായിലെ പോളീനസ്, അപ്പോസ്തോലന്മാരുടെ പലരുടെയും സുവിശേഷവയലുകൾ പരാമർശിച്ച കൂട്ടത്തിൽ ഇന്ത്യയിൽ തോമാ ശ്ലീഹാ സുവിശേഷം അറിയിച്ചു എന്ന് എഴുതി.[9] ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റ്റൂർസിലെ വി. ഗ്രിഗറി, ഇന്ത്യയിലെ മാർത്തോമ്മായുടെ കബറിങ്കലെ അദ്ഭുതങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു.[10] കൂടാതെ ലത്തീൻ ഭാഷയിൽ പുരാതനകാലത്ത് എഴുതപ്പെട്ട മാർത്തോമ്മായുടെ രക്തസാക്ഷിത്വ വർണ്ണനയിലും മാർത്തോമ്മാ ഇന്ത്യയിൽ സുവിശേഷം അറിയിച്ചിട്ട് അവിടെ കൊല്ലപ്പെട്ടതായി പറയുന്നു.[11] പാശ്ചാത്യ സഭയുടെ പിതാവായ ഇസിദോറിന്റെ ഇന്ത്യയെക്കുറിച്ചുള്ള വർണ്ണനയിലും മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ സുവിശേഷം അറിയിച്ച്, ഇന്ത്യയിൽ വച്ച് കുന്തം ഏറ്റുമരിച്ച്, കലാമിനയിൽ അടക്കപ്പെട്ടുവെന്നു പറയുന്നു. പാശ്ചാത്യ സഭയുടെ പോപ്പായിരുന്ന ഗ്രിഗറിയും (590-604) വിശുദ്ധനായ ബീഡും (613-735), ബൊസ്രായിലെ ശലോമോന്റെ "തേനീച്ചയുടെ പുസ്തക"വും, തോമാശ്ലീഹായെ ഇന്ത്യയുമായി ബന്ധിക്കുകയും, ഇന്ത്യയിലെ മൈലാപ്പൂരിൽ കബറടക്കപ്പെട്ട മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് ഹബ്ബാൻ എന്ന കച്ചവടക്കാരൻ എഡേസായിൽ കൊണ്ടുപോയിയെന്നും പറയുന്നു.[12] സുറിയാനി പിതാക്കന്മാരായ മീഖായേൽ റാബോയും, ബാർ എബ്രായും, മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ സുവിശേഷം അറിയിച്ച്, ഇന്ത്യയിലെ കലാമിനയിൽ രക്തസാക്ഷിത്വം വരിച്ചുവെന്ന് എഴുതിയിട്ടുണ്ട്.[13]

6. മാർത്തോമ്മായും, ദക്ഷിണേന്ത്യൻ സുവിശേഷീകരണവും

ഇൻഡോ-പാർത്തിയൻ സാമ്രാജ്യത്തിന്റെ ഭാഗമായ ഇന്ത്യയുടെ ഭാഗത്ത് മാർത്തോമ്മാ ശ്ലീഹാ ചെന്ന് സുവിശേഷം അറിയിച്ച കാര്യമാണ് തോമ്മായുടെ പ്രവൃത്തികളിലും, മുകളിൽ പരാമർശിച്ച പല എഴുത്തുകളിലും പ്രധാനമായും സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ മാർത്തോമ്മാ ശ്ലീഹാ ദക്ഷിണഭാഗത്തെ ഇന്ത്യയിൽ സുവിശേഷം അറിയിച്ചുവെന്നും, പള്ളികൾ സ്ഥാപിച്ചുവെന്നും, പട്ടക്കാരെ ചുമതലപ്പെടുത്തിയെന്നും ഉള്ളത് സത്യമാണ്. ദക്ഷിണഭാരതത്തിലെ തീരപ്രദേശങ്ങൾ യഹൂദകുടിയേറ്റം ഉണ്ടായിരുന്നവയാണ്. ഈ തീരങ്ങളിൽ, മലബാർ, കൊങ്കൺ, ചോളമണ്ഡല തീരം (കൊറോമാണ്ടൽ) എന്നിവയിൽ മാർത്തോമ്മായുടെ സാന്നിദ്ധ്യം ഉണ്ടാവുകയും അവിടെയെല്ലാം ക്രിസ്തീയ സമൂഹങ്ങൾ രൂപപ്പെടുകയും ചെയ്തു. ഇവയിൽ ഏറ്റവും പ്രധാനം മലബാർ തീരമായിരുന്നു. മലബാർ തീരത്തെ മുസിരീസ് പുരാതനകാലത്തെ പ്രസിദ്ധമായ വാണിജ്യ തുറമുഖമായിരുന്നു. പക്ഷേ, ഒന്നാം നൂറ്റാണ്ടു മുതലുള്ള ഒരു മാർത്തോമ്മൻ പൈതൃകം തലമുറ തലമുറ കൈമാറി ഇന്നും സജീവമായി നിലകൊള്ളുന്ന ഒരു ക്രൈസ്തവ സമൂഹം ഉണ്ടായിരുന്നുവെന്നത് രേഖകളേക്കാൾ ഉച്ചത്തിൽ



സംസാരിക്കുന്ന സാക്ഷ്യമാണ്. ലോകത്തിൽ മറ്റൊരിടത്തും, മാർത്തോമ്മാ ശ്ലീഹായിലേക്ക് തങ്ങളുടെ സുവിശേഷ പൗരോഹിത്യ ശ്രോതസ്സ് ചൂണ്ടിക്കാണിച്ച് മാർത്തോമ്മാ ശ്ലീഹായാണ് തങ്ങളെ ക്രിസ്തുവിൽ ജനിപ്പിച്ചതെന്നവകാശപ്പെടുന്ന മലങ്കരയിലേതുപോലെ വേറൊരു സമൂഹം ഇല്ല എന്നതും ഒരു സത്യമാണ്. ഈ സമൂഹത്തിലുൾപ്പെട്ട സഭാവിഭാഗങ്ങളാണ്, മലങ്കര ഓർത്തഡോക്സ് (യാക്കോബായ) സുറിയാനിസഭ, സീറോ മലബാർ കത്തോലിക്കാ സഭ, സീറോ മലങ്കര കത്തോലിക്കാസഭ, മാർത്തോമ്മാ സുറിയാനിസഭ, സി.എസ്.ഐ. യിലും മറ്റ് നവീകരണ സഭകളിലുമുള്ള നല്ലൊരു പങ്ക് മലയാള ക്രൈസ്തവർ, കൽദായ സഭ, തൊഴിയൂർ സഭ മുതലായവ. ഇവർ ആരാധന നടത്തുന്ന ചില പുരാതന പള്ളികൾ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു (ഉദാഹരണത്തിന് മലങ്കര ഓർത്തഡോക്സ് സഭയുടെ, നിരണം ദേവാലയവും, തിരുവിതാംകോട് ദേവാലയവും). മാർതോമ്മാ ശ്ലീഹായുടെ പൗരോഹിത്യ കൈവയ്പ് തലമുറകളായി പരിപാലിച്ചുകൊണ്ടിരുന്ന പകലോമറ്റം കുടുംബം ഇന്നും ഉണ്ട്. മാർത്തോമ്മൻ പൈതൃകത്തിൽ നൂറ്റാണ്ടുകളായി ആചരിക്കപ്പെടുന്ന ആചരണങ്ങൾ, കലാരൂപങ്ങൾ, പള്ളി ഭരണരീതികൾ മുതലായവ പ്രസിദ്ധമാണ്. മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ഭരണാധികാരികൾ അനുവദിച്ച അവകാശങ്ങളും അധികാരങ്ങളും സാക്ഷിക്കുന്ന പുരാതന ചെപ്പേടു ശാസനകൾ ഇന്നും കാത്തുസൂക്ഷിക്കപ്പെടുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികൾ "നസ്രാണികൾ" എന്നും വിളിക്കപ്പെട്ടിരുന്നു. അവരുടെ ചരിത്രം, വിശ്വാസം, ആചാരങ്ങൾ മുതലായവ പാട്ടുകളായി പാടി (വീരടിയാൻ പാട്ട്) ഉപജീവനം കഴിച്ചിരുന്ന "പാണർ" മുതലായവരെപ്പറ്റി കേരളചരിത്ര രേഖകളിൽ പറയുന്നുണ്ട്. നസ്രാണികളുടെ മാർത്തോമ്മൻ പൈതൃകത്തെപ്പറ്റി പ്രതിപാദിക്കുന്ന 'റമ്പാൻ പാട്ട്' (തോമ്മാപർവ്വം), 'മാർഗ്ഗംകളിപ്പാട്ട്', അതതു പള്ളികളുടെ 'പള്ളിപ്പാട്ട്' മുതലായവ ഇന്നും പ്രചാരത്തിലുണ്ട്.

മലബാർ തീരത്തെ പുരാതന തുറമുഖമായിരുന്നു "മുസിറീസ്" അഥവാ കൊടുങ്ങല്ലൂർ. ഇതിനടുത്ത് പാലയൂർ, കുന്നംകുളം പ്രദേശങ്ങൾ പുരാതന യഹൂദ കോളനിയായിരുന്നതിനും, അവിടെയൊക്കെ നസ്രാണികൾ തലമുറകളായി വസിക്കുന്നുവെന്നതിനും, ഈ നസ്രാണികൾക്ക് മാർത്തോമ്മാ ശ്ലീഹായുമായി ബന്ധപ്പെട്ട ധാരാളം ഐതിഹ്യങ്ങൾ ഉണ്ടെന്നതിനും തെളിവുകൾക്ക് ഒരു പഞ്ഞവുമില്ല.

മലബാർ പ്രദേശത്ത് അഥവാ "മലങ്കര"യിൽ മാർത്തോമ്മാ സ്ഥാപിച്ചതെന്ന് വിശ്വസിക്കപ്പെടുന്ന ഏഴു പള്ളികളും ഒരു "അര"പ്പള്ളിയും ചരിത്രപ്രസിദ്ധങ്ങളാണ്. അവയിൽ മിക്കതിന്റെയും സ്ഥാനത്തോ സമീപത്തോ ഇന്നും തുടർപള്ളികൾ ഉണ്ട്. അവ താഴെപ്പറയുന്നവയാണ്: 1. മാലിയങ്കര (കൊടുങ്ങല്ലൂർ),[14] പാലൂർ (ചാവക്കാട്, പാലയൂർ),[15] പറവൂർ (ആലുവാ വടക്കൻ പറവൂർ, കോട്ടക്കാവ്),[16] കോക്കമംഗലം (ചേർത്തല പള്ളിപ്പുറം ആലപ്പുഴ),[17] കൊല്ലം,[18] നിരണം,[19] ചായൽ (നിലയ്ക്കൽ).[20] മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച തിരുവിതാംകോട് പള്ളി (കന്യാകുമാരി) പൗരാണികത്വമുള്ള "അരപ്പള്ളി" (അരചപ്പള്ളി?) യായി അറിയപ്പെടുന്നു. മലങ്കരയിൽ മാർത്തോമ്മാ ശ്ലീഹാ നാലു തദ്ദേശീയ കുടുംബങ്ങളിൽ നിന്ന് പുരോഹിതസ്ഥാനികളെ നിയമിച്ചു. ഈ കുടുംബങ്ങൾ, പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നിവയായിരുന്നു. ഈ കുടുംബങ്ങളുടെ പിൻതലമുറക്കാർ ഇന്നും വിവിധ സ്ഥലങ്ങളിൽ അതേ പേരുകളിൽ വസിച്ചു വരുന്നു.

7. മാർത്തോമ്മാ ശ്ലീഹാ: പേർഷ്യൻ സഭയ്ക്കും ഇന്ത്യൻ സഭയ്ക്കും സ്വന്തം

പേർഷ്യൻ രാജാവായിരുന്ന അബ്ഗാറിന്റെ ചരിത്രവും, വി. യോഹന്നാന്റെ സുവിശേഷം പരാമർശിക്കുന്ന യവനന്മാരുടെ യേശുവിന്റെ അടുത്തേയ്ക്കുള്ള സന്ദർശനവും (12:20–36) തമ്മിൽ ബന്ധമുണ്ടെന്ന് സൂചിപ്പിക്കുന്ന ചില രേഖകളുണ്ട്. പേർഷ്യയിലെ എഡേസ (ഉറഹ) യുടെ രാജാവായിരുന്ന അബ്ഗാർ തന്റെ രോഗം സൗഖ്യമാക്കുവാനും യേശുവിന് സുരക്ഷവാഗ്ദാനം ചെയ്യുവാനും ദൂതന്മാരെ എഴുത്തുകൊടുത്തുവിട്ട് ക്ഷണിച്ചതാണ് മേൽ പരാമർശിച്ച സന്ദർശനം. പ്രസ്തുത കത്തിന് യേശു ഒരു മറുപടി കത്തു നൽകിയെന്നും, അതിൽ തന്റെ ഒരു ശിഷ്യൻ, അബ്ഗാറിനെ സന്ദർശിച്ചുകൊള്ളുമെന്ന് എഴുതിയെന്നുമാണ് ചില രേഖകൾ സാക്ഷിക്കുന്നത്.[21] അതനുസരിച്ച് തോമാ ശ്ലീഹായും തദ്ദായി ശ്ലീഹായും ആ നിയോഗം ഏറ്റെടുത്ത് തദ്ദായി എത്തി അബ്ഗാറിനെ സൗഖ്യമാക്കി അവന്റെ രാജ്യം മുഴുവനെയും ക്രിസ്തുശിഷ്യത്വത്തിലേക്ക് കൊണ്ടുവന്നു. അങ്ങനെയാണ് പേർഷ്യൻ സഭയുടെ ആരംഭം. അതുകൊണ്ട് പേർഷ്യൻ സഭ പുരാതനകാലം മുതൽ മാർതോമാ ശ്ലീഹായേയും തദ്ദായി ശ്ലീഹായേയും സഭാപൈതൃകത്തിന്റെ ചരിത്ര സ്രോതസ്സായി കാണുന്നു. പേർഷ്യയിലെ സഭയുമായി ദക്ഷിണേന്ത്യൻ തീരങ്ങളിൽ രൂപപ്പെട്ട സഭാസമൂഹങ്ങൾക്ക് ബന്ധമുണ്ടായി. കടൽ മാർഗ്ഗമുള്ള യാത്രാസൗകര്യങ്ങളും, വാണിജ്യബന്ധങ്ങളും ഇതിന് അനുകൂല ഘടകങ്ങളായിരുന്നു. ദക്ഷിണേന്ത്യൻ തീരങ്ങളിലെ, പ്രത്യേകിച്ച് മലബാർ തീരത്തെ, സഭാസമൂഹങ്ങൾക്ക് പല ആത്മീയ സേവനങ്ങളും പേർഷ്യൻ സഭയിൽ നിന്നുണ്ടായി. പൊതുവായ "മാർത്തോമ്മൻ" പൈതൃകം അവരെ അടുപ്പിച്ചുനിർത്തിക്കൊണ്ടിരുന്നു. തൽഫലമായി പേർഷ്യയിൽ നിന്ന് ചില പ്രത്യേക ചരിത്രസാഹചര്യങ്ങളിൽ കുടിയേറ്റങ്ങൾ തന്നെ മലങ്കരയിലേക്കുണ്ടായി. പേർഷ്യയിൽ ഉണ്ടായിരുന്ന സ്വതന്ത്ര സഭാ സംവിധാനത്തിന്റെ പ്രതീകമായി രൂപപ്പെട്ട "കാതോലിക്കാ" സ്ഥാപനവും ഈ മലങ്കര-പേർഷ്യൻ ബന്ധത്തിന്റെ ആഴവും പരപ്പും വർദ്ധിപ്പിച്ചു. പേർഷ്യയിലും ഇന്ത്യയിലും പൊതുവായ സുറിയാനി ആരാധനാ പാരമ്പര്യവും, സമാനമായ "അർക്കദിയാക്കോൻ" ഭരണരീതിയും ഉണ്ടായതോടെ, പേർഷ്യയിലെയും ഇന്ത്യയിലെയും സഭകൾ "പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭാ" പൈതൃകത്തിന്റെ ഭാഗങ്ങളായിത്തീർന്നുവെന്നും, പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയ്ക്കാകമാനം മാർത്തോമ്മായുടെ ശ്ലൈഹിക-പൗരോഹിത്യ പിന്തുടർച്ചയായിരുന്നുവെന്നും മനസ്സിലാക്കാം.

8. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വം

"തോമ്മായുടെ പ്രവൃത്തികൾ" എന്ന കൃതിയനുസരിച്ചും, മറ്റനേകം രേഖകൾ പ്രകാരവും, മലങ്കരയിലെ പ്രബലമായ ഐതിഹ്യപ്രകാരവും, മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ രക്തസാക്ഷിമരണം പ്രാപിച്ചുവെന്നത് സത്യമാണ്. എന്നാൽ വിശദാംശങ്ങളിലേക്ക് കടക്കുമ്പോൾ വ്യത്യാസങ്ങളുണ്ട്. തോമ്മായുടെ പ്രവൃത്തികൾ പറയുന്നത് മസ്ദായി രാജാവ് മാർത്തോമ്മായെ കുന്തംകൊണ്ട് കൊല്ലിച്ചുവെന്നാണ്. ഈ മസ്ദായിയുടെ നാട് ഏതെന്ന് വ്യക്തമല്ല. മറ്റു രേഖകളിൽ ഭൂരിപക്ഷവും ഏകാഭിപ്രായമുള്ളവയാണ്. അവയനുസരിച്ച് മാർത്തോമ്മാ ശ്ലീഹാ ചോളമണ്ടലത്തിൽ അഥവാ ചോളമണ്ണിൽ (കലാമിന) മതഭ്രാന്തന്മാരാൽ കുന്തംകൊണ്ട് കുത്തേറ്റു മരിക്കുകയാണുണ്ടായത്. ഈ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചോളമണ്ണ് ഇന്നത്തെ തമിഴ്നാടിന്റെ തലസ്ഥാനമായ ചെന്നൈ (മദ്രാസ്) യിലെ മൈലാപ്പൂർ ചിന്നമലയാണെന്നും, മാർത്തോമ്മായെ മൈലാപ്പൂരിൽ തന്നെ കബറടക്കിയെന്നും വിശ്വസിക്കപ്പെടുന്നു. ഈ രണ്ടു സ്ഥലങ്ങളിലും പണ്ട് പള്ളികൾ ഉണ്ടായിരുന്നവയെ പോർത്തുഗീസുകാർ കൈവശപ്പെടുത്തി പരിഷ്ക്കരിക്കയും പുതുക്കിപ്പണിയുകയും ചെയ്തു. മൈലാപ്പൂരിലെ കബറിൽ നിന്നും എ.ഡി. 394-ൽ മാർത്തോമ്മായുടെ തിരുശേഷിപ്പ് എഡേസായിലേക്ക് മാറ്റുകയും അവിടെ മാർത്തോമായുടെ നാമത്തിൽ പള്ളി സ്ഥാപിച്ച് അതിൽ സൂക്ഷിക്കുകയും ചെയ്തു. കിഴക്കൻ ഓർത്തഡോക്സ് സഭകളിൽ ചിലയിടത്ത് ഒക്ടോബർ 6, മാർത്തോമ്മായുടെ പെരുന്നാളായി ആചരിക്കുന്നുണ്ട് എങ്കിലും, ആകമാന ക്രൈസ്തവലോകത്തിലെ ഭൂരിപക്ഷം സഭകളും ജൂലൈ മൂന്ന് മാർത്തോമ്മായുടെ ഓർമ്മയായി ആചരിക്കുന്നു. ഇതു കൂടാതെ ഈസ്റ്ററിനു ശേഷം ആദ്യം വരുന്ന ഞായറാഴ്ചയും മാർത്തോമ്മാ ശ്ലീഹായുടെ അനുസ്മരണയായി മിക്ക സഭകളിലും ആചരിക്കുന്നു. മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് എഡേസായിൽ നിന്നും ഭാഗികമായിട്ടെങ്കിലും മാറ്റപ്പെടുന്ന യുദ്ധസാഹചര്യങ്ങൾ പിന്നീട് ഉണ്ടായി. അങ്ങനെ, തിരുശേഷിപ്പിന്റെ ഒരു ഭാഗം റോമിൽ ഒർത്തോണാ സെന്റ് തോമസ് ബസിലിക്കയിലും, ഒരു ഭാഗം പത്മോസ് ദ്വീപിലെ വി. യോഹന്നാന്റെ ദയറായിലും, ഒരു ഭാഗം മൈലാപ്പൂരിലും, ഒരു ഭാഗം കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ഉൾപ്പെടെ സുറിയാനി സഭയുടെ വിവിധ കേന്ദ്രങ്ങളിലും സൂക്ഷിക്കപ്പെടുന്നു.

1. ക്രൈസ്തവ ബിഷപ്പന്മാരുടെ സമ്മേളനത്തിൽ, 1955 ഡിസംബർ 19-ന്, നടത്തിയ പ്രസംഗം.

2. An Autobiography, p. 273, OUP Ind, 1980.

3. Eastern Religions and Western Thought, p. 345, OUP, 1940.

4. Old Seminary Stamp release speech, 2015, April 21.

5. Ecclesiastical History III, 1.

6. സഭ വളരുന്നു, പേജ് 17.

7. PL 14, 1143, PL 17, 1168, 69)

8. De Viris Illustribus, PL 23.721

9. PL 61, 514.

10. Liber 1, 32, PL 71, 733.

11. Passio Beati Thomae

12. E. A. Wallis Budge, tr. & ed. Book of Bee (Oxford p.105) cit. by James Paliurumpil in St. Thomas in India, Patristic Evidences, 2012, p.311

13. Chronique de Michael le Syrien Vol. 1, p. 148 (1899) Gregori Barhebraei Chronicon Ecclesistcum Vol, 1, p.33-34 (1877) Cit. by James Pulirumpil, as above p. 313, 314.

14. മഹാദേവപട്ടണം, മുസിറീസ്, ക്രാങ്കന്നൂർ മുതലായ പേരുകളിലും കൂടി അറിയപ്പെടുന്ന ഇവിടത്തെ പള്ളിയുടെ (അഴീക്കോട് വില്ലേജ്) ഇന്നത്തെ സൂക്ഷിപ്പ് സീറോ മലബാർ കത്തോലിക്കാ സഭയുടെ ചുമതലയിലാണ്. യഥാർത്ഥത്തിൽ മാർത്തോമ്മായുടെയും, മാർ കുറിയാക്കോസിന്റെയും, വി. മറിയാമിന്റെയും നാമത്തിൽ മൂന്നു പള്ളികൾ ഉണ്ടെങ്കിലും, മറിയാമിന്റെ നാമത്തിലുള്ള പള്ളിയാണ് ഏറ്റവും പുരാതനം എന്നു കരുതപ്പെടുന്നു.

15. തൃശൂർ ജില്ലയിലെ പാലൂർ പള്ളിയുടെ പിന്തുടർച്ച സീറോ മലബാർ കത്തോലിക്കാ സഭയും, മലങ്കര ഓർത്തഡോക്സ് സഭയും അവകാശപ്പെടുന്നു. സീറോമലബാർ സഭ, പഴയ പള്ളിയുടെ സ്ഥാനമെന്ന് വിശ്വസിക്കുന്നിടത്ത് മാർത്തോമ്മൻ പൈതൃക പ്രദർശനവും, മാർ കുറിയാക്കോസിന്റെ നാമത്തിലുള്ള പള്ളിയിലും പരിപാലിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ കുന്നംകുളം ആർത്താറ്റുപള്ളി (വി. മറിയാമിന്റെ നാമത്തിൽ) തോമാ ശ്ലീഹാ സ്ഥാപിച്ച പാലയൂർ ചാട്ടുകുളങ്ങര പള്ളിയുടെ തുടർച്ചയായി വിശ്വസിക്കുന്നു.

16. എറണാകുളം ജില്ലയിൽ ആലുവാ വടക്കൻപറവൂർ പ്രദേശത്തുള്ള സീറോ മലബാർ കത്തോലിക്കാ സഭയുടെ സൂക്ഷിപ്പിലുള്ള പള്ളി കുറേക്കാലം പേർഷ്യൻ സഭാപിതാക്കളായ ഫ്രോദിന്റെയും അഫ്രോദിന്റെയും നാമത്തിലായിരുന്നു. ഉദയംപേരൂർ സുന്നഹദോസിനുശേഷം ഈ പേരുകൾ നീക്കി വെറെ പേരുകൊടുത്തതായി കാണുന്നു.

17. ആലപ്പുഴ ജില്ലയിൽ ചേർത്തലയടുത്ത് കോക്കമംഗലത്ത് ഇന്ന് മാർതോമാ ശ്ലീഹായുടെ നാമത്തിലുള്ള പള്ളി സീറോ മലബാർ കത്തോലിക്കാ സഭയുടെ സൂക്ഷിപ്പിലാണ്.

18. കൊല്ലത്ത് മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളി കടലെടുത്തു പോയി എങ്കിലും ആ പള്ളിയുടെ കുരിശുവന്ന് കരയിലടുത്ത സ്ഥലത്താണ് പിന്നീട് കൊല്ലം കാദീശാ പള്ളി പണിതതെന്ന് ഒരു ഐതിഹ്യം ഉണ്ട്. പേർഷ്യൻ വിശുദ്ധന്മാരായ ഫ്രോദും അഫ്രോദും ആണ് ഈ പള്ളിയുടെ മധ്യസ്ഥ വിശുദ്ധർ

19. നിരണം വലിയപള്ളി എന്നറിയപ്പെടുന്ന നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളിയുടെ തുടർച്ചയാണ്.

20. റാന്നി, നിലയ്ക്കൽ, ശബരിമലയ്ക്കടുത്താണ്. തോമാശ്ലീഹാ സ്ഥാപിച്ച പള്ളി പ്രതികൂല കാലാവസ്ഥയിലോ, അക്രമികളാരോ തകർക്കപ്പെട്ടുപോയി. അതിന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്ത സ്ഥലത്തിനടുത്ത് പിന്നീട് ഒരു എക്യുമെനിക്കൽ ദേവാലയം ഉണ്ടാവുകയും അവിടെ മാർത്തോമാ പൈതൃകത്തിലുള്ള സഭകളുടെ ആരാധന തവണക്രമത്തിൽ നടക്കുകയും ചെയ്യുന്നു.

21. Canons of the Primitive Church, trans. by G.B. Howard, James Parker & Co. cit by C.V. Cheriyan, A history of the Malankara Orthodox Church AD 52- 2002, p. 54, 55.



Geevarghese Mar Coorilos (Diocesan Metropolitan) visited Mother Teresa Missionaries of Charity in Nashik.



ഡോ. ജേക്കബ് മണ്ണുംമൂടിന് ഗുരുരത്നം പുരസ്കാരം


കൊച്ചി: എംജിഎം ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് വിദ്യാഭ്യാസ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവർക്കായി ഏർപ്പെടുത്തിയ രണ്ടാമത് ഗുരുരത്നം പുരസ്കാരം ഡോ. ജേക്കബ് മണ്ണുംമൂടിന്. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്ന പുരസ്കാരം എറണാകുളം കണ്ടനാട് എംജിഎം സ്കൂ ളിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ വിതര ണം ചെയ്യുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

എഴുത്തുകാരനും പത്തനംതിട്ട വെണ്ണിക്കുളം സെന്റ് ബഹനാൻസ് എച്ച്.എസ്.എസ്. പ്രിൻസിപ്പലും മലങ്കര ഓർത്തഡോക്സ് സഭയുടെ അസിസ്റ്റന്റ് പി.ആർ.ഒ. യുമാണ് ഡോ. ജേക്കബ് മണ്ണുംമൂട്.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ



മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര

എ. ഡി. 1926-നു കൊല്ലം 1101 മകരം 13-നു മുതലുള്ള ഡയറി.

417. ... പട്ടക്കാർ ... ഉള്ളതിനാൽ ... ആ പള്ളി ഭരണം ... കൂടാതെ നടത്തുന്നതിനും സൗകര്യമുണ്ടെന്നിരുന്നാലും ആ പള്ളിയുടെ സ്ഥാപനകാലം മുതൽതന്നെ ആ പള്ളിക്കുവേണ്ടി അത്യുത്സാഹം ചെയ്തിട്ടുള്ളവരായ നമ്മുടെ ചെറിയമഠത്തിൽ മൂപ്പച്ചനെയും, മകൻ അന്ത്രയോസു കത്തനാരെയുംകുറിച്ചു കൃതജ്ഞതയുള്ളവരായിരിക്കേണ്ടതിനാൽ നമ്മുടെ മുൻഗാമിയായ കാലം ചെയ്ത വലിയ മെത്രാച്ചന്റെ കല്പന അനുസരിച്ചു ആ പള്ളിയുടെ പ്രധാന പെരുന്നാൾ ദിവസമുണ്ടാകുന്ന പള്ളിവരുമാനത്തിൽ നിന്നു ആണ്ടുതോറും ഏഴു രൂപാ വീതം മൂപ്പച്ചനു മേലാലും കൊടുത്തുകൊള്ളുകയും മൂപ്പച്ചനു പകരം ഇപ്പോൾ ആ പള്ളിയുടെ സ്ഥിരം വികാരിയായി നിയമിച്ചിരിക്കുന്ന അന്ത്രയോസു കത്തനാർക്കു വികാരിക്കവകാശമായി കല്യാണങ്ങൾക്കുള്ള കുറിപ്പണവും ... പട്ടക്കാർ വാങ്ങി അയച്ചു ടി അന്ത്രയോസു കത്തനാർക്കും കൊടുത്തുകൊള്ളുകയും ചെയ്യണം.

ആ പള്ളിയുടെ മുതൽചുമതല ജോലിയും കണക്കെഴുത്തു ജോലിയും നടത്തിവന്നവരായ വെഞ്ഞിലക്കൽ ഈശോ കോശിയെയും, ... ചെറിയതു അബ്രഹാമിനെയും അവരുടെ ചുമതലയിൽ നിന്നു വിടർത്തി 27-നു മുതൽ ചുമതലക്കു ആലക്കൽപറമ്പിൽ ... നിങ്ങളുടെ ... പുതിയ ചുമതലക്കാരെക്കൊണ്ടു അവരുടെ ചുമതലകളെ ഭംഗിയായും കൃത്യമായും നടത്തിച്ചുകൊള്ളുകയും മുൻ ചുമതലക്കാരുടെ കണക്കുകൾ യോഗം കേടു തിരട്ടാക്കിയതിന്റെ ഒരു പ്രതി നമുക്കോ ബഹുമാനപ്പെട്ട പൗരസ്ത്യ കാതോലിക്കാ ബാവാ അവർകൾക്കോ അയച്ചുകൊള്ളുകയും ചെയ്യണം.

ആ പള്ളിയിൽ നിന്നും മുൻ വകയിൽ മുന്നൂറു രൂപായോളം കൊടുത്തു തീർക്കേണ്ടതായി ടി നിശ്ചയത്തിന് അന്ത്രയോസു കത്തനാരും ... അറിയുന്നതിനാൽ മുൻ ചുമതലക്കാരുടെ ചുമതലയിലെ കണക്കു തീർത്തു ചെലവു നീക്കി കാണുന്ന ബാക്കി സംഖ്യ ടി കടം തീർക്കുന്നതിനു ഉപയോഗിച്ചുകൊള്ളേണ്ടതും നീക്കിബാക്കി കടസംഖ്യ ഇപ്പോഴത്തെ പുതിയ മുതൽചുമതലക്കാരൻ പള്ളിവക വരുമാനത്തിൽ നിന്നും ടി കടക്കാർക്കു കൊടുത്തു തീർത്തുകൊള്ളേണ്ടതും ആ പള്ളി സംബന്ധമായ സകല സംഗതികളും അതാതു സമയം നാമോ നമ്മുടെ കാതോലിക്കാ ബാവാ അവർകളോ അയക്കുന്ന കല്പന അനുസരിച്ച് നടന്നും നടത്തിച്ചുംകൊള്ളേണ്ടതുമാകുന്നു.

ഈ മാസം 21-നു ഞായറാഴ്ച മുതൽ അടുത്ത ശനിയാഴ്ച സന്ധ്യ വരെയുള്ള ആഴ്ചവീതം ആലക്കൽപറമ്പിൽ യാക്കോബു കത്തനാരുടെ തവണയായിരിക്കുന്നതും ഇതനുസരിച്ചു മേലാൽ ഇടവകപട്ടക്കാർ ഇരുവരും ഓരോ ആഴ്ച ... നടന്നുകൊള്ളേണ്ടതുമാകുന്നു. സർവ്വശക്തനായ ദൈവത്തിന്റെ ...

എന്നു 102 മീനം 23-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

418. കാതോലിക്കാ ബാവായ്ക്കു. മീനടത്തു പള്ളിക്കാരുടെ കാര്യം സമാധാനപ്പെടുത്തിയതിനെക്കുറിച്ച്. 102 മീനം 23-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

419. തെങ്ങുംതറയിൽ ഗീവറുഗീസ് കത്തനാർക്ക്. അവിടത്തെ ഹൈസ്കൂളിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

420. വല്യപറമ്പിൽ ലൂക്കോച്ചനു. സ്കൂളിലെ നോട്ടുബുക്കുകൾ ഉണ്ടാക്കുന്ന ജോലികൾ ... കൊടുക്കുന്നതിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

421. കരവട്ടു കുഞ്ചപ്പനു. എരിത്തിക്കൽ ഉതുപ്പു മർക്കോസ് എന്ന ഒരു യുവാവിനു എന്തെങ്കിലും ഒരു ജോലി കൊടുക്കണമെന്നും മറ്റും. 102 മീനം 24-നു കോട്ടയത്തു സിമ്മനാരി.

422. അടങ്ങപ്പുറത്തു ഉമ്മൻ പണിക്കർക്കു. അധികം താമസിയാതെ ഒന്നു വന്നു കാണണമെന്നും ചില കാര്യങ്ങൾ പറവാനുണ്ടെന്നും. 102 മീനം 24-നു കോട്ടയം സിമ്മനാരി.

423. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്ക്. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

424. പാറേട്ടു മാത്യൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു. 102 മീനം 24-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

102 മീനം 26-നു വെള്ളിയാഴ്ച പകൽ മൂന്നു മണിക്ക് കോട്ടയത്തു സിമ്മനാരിയിൽ നിന്നും വള്ളം വഴി ടി 27-നു ശനിയാഴ്ച 10 മണിക്ക് പരുമല സിമ്മനാരിയിൽ എത്തി.

425. ഓതറ പള്ളി വികാരി കീത്തല തറയിൽ മത്തായി കത്തനാർക്കു. ഓതറ പള്ളിയിലെ വഴക്കുകൾക്കു സമാധാനമുണ്ടാകുന്നതിനു ഇരുഭാഗക്കാരെയും കൊണ്ടു വരുന്ന വ്യാഴാഴ്ച ഇവിടെ എത്തിച്ചേരണമെന്നു. 102 മീനം 29-നു പരുമല സിമ്മനാരിയിൽ നിന്നും.

426. പുത്തൻവീട്ടിൽ പാപ്പിക്കു (കോശി). മകൻ ജോർജിന്റെ പട്ടംകൊട കാര്യത്തെക്കുറിച്ചു. 102 മീനം 30-നു പരുമല സിമ്മനാരി.

427. കയ്യാലാത്തു ചാക്കോച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

428. ഒ. എം. ചെറിയാച്ചനു. മല്ലപ്പള്ളിക്കാരൻ സി. വി. വറുഗീസ് എന്ന കൊച്ചനു വേണ്ടി ഒരു ശുപാർശക്കത്തു. 102 മേടം ഒന്നിനു പരുമല സിമ്മനാരിയിൽ നിന്നും.

429. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു. 102 മേടം 2-നു പരുമല സിമ്മനാരിയിൽ നിന്നും.

430. കീത്തലതറയിൽ മത്തായി കത്തനാർക്കു. ഓതറ പള്ളിക്കാര്യത്തെ സംബന്ധിച്ചു അവർ സ്വരുമിച്ചു വരുന്നതിനു കല്പന അയച്ചിട്ടു വരാഞ്ഞതിനെക്കുറിച്ചും ഇനിയെന്നു വരുമെന്നു അറിയിക്കണമെന്നും. ടി തീയതി. ടി സ്ഥലം.

431. പയ്യമ്പള്ളിൽ കുഞ്ഞവിരായ്ക്കു. ടിയാന്റെ അമ്മയുടെ മരണത്തെക്കുറിച്ചു അനുശോചന കല്പന.

432. പാലത്തിങ്കൽ മത്തായി ഇത്താപ്പിരിക്കു. വർത്തമാനങ്ങൾക്കു.

433. കീലേത്തറ പള്ളിക്കാർക്കു. ... താമസിക്കുന്ന നാരായണൻ നീലകണ്഻ന്റെ അപേക്ഷ അയക്കുന്നുയെന്നും അവനോടു കരുണയായി പെരുമാറണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

434. കടവത്ര തോമ്മസു കത്തനാർക്കു. മെഴുവേലി ഇടവകയിലെ വല്യവീട്ടിൽ മാത്യു ശെമ്മാശനു ഓഹരികൾ കൊടുക്കാതിരിക്കുന്നതിനെപ്പറ്റി ചോദിച്ചറിയുന്നതിനായി ഈ വരുന്ന ആഴ്ചയിൽ കൊച്ചൂഞ്ഞിനെയും കൂട്ടിക്കൊണ്ടു താൻ ഇത്രടം വരണമെന്നു. 102 മേടം 3-നു പരുമല സിമ്മനാരിയിൽ നിന്നും.

435. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

436. തേരകത്തു ചെറിയാൻകുഞ്ഞിനു. കൈപ്പട്ടൂർ പള്ളിയിലെ ഹാശാ ദിവസങ്ങളുടെ കുഴപ്പത്തെക്കുറിച്ചറിഞ്ഞതിൽ വ്യസനിക്കുന്നു എന്നും മറ്റും. 102 മേടം 11-നു പരുമല സിമ്മനാരിയിൽ നിന്നും.

437. വടുതലെ ഈശോ കത്തനാർക്കു. കൈപ്പട്ടൂർ പള്ളിയിൽ ചില കുഴപ്പങ്ങൾ ഉണ്ടായതു മൂലം ഈ ഹാശാ ദിവസങ്ങളിലെ ശുശ്രൂഷകൾ നടന്നില്ലെന്നും മറ്റുമറിഞ്ഞതിൽ വ്യസനിക്കുന്നുയെന്നും കുഴപ്പങ്ങളുടെ നിവാരണത്തിനുവേണ്ടി കേട്ടു പരിഹാരം ഉണ്ടാക്കുന്നതിനു തേരകത്തു ചെറിയാൻകുഞ്ഞു ... മെന്നും മറ്റും. 102 മേടം 11-നു പരുമല സിമ്മനാരിയിൽ നിന്നും.

438. കടമ്മനിട്ട പള്ളി വികാരി തെങ്ങുംതറയിൽ ഗീവറുഗീസു കത്തനാർക്കു. ടി പള്ളി സംബന്ധിച്ചു താഴെപറയുന്ന നിശ്ചയങ്ങൾ കൊച്ചുമെത്രാച്ചന്റെ കല്പന പള്ളിക്കാർ വാങ്ങിച്ചുകൊള്ളണമെന്നു.

ഒന്നാമതു, കല്യാണങ്ങൾക്കു സദ്യക്കു പകരമായ ഒരു സംഖ്യ പള്ളിക്കു കൊടുക്കണമെന്നു ... മുമ്പിൽ ആ ഇടവകയിൽ വച്ചു നടത്തിയ ചില കല്യാണങ്ങൾക്കു വാങ്ങിച്ചുകൊള്ളണമെന്നും (2) മേലാൽ പള്ളിവക വരുമാനങ്ങൾ അഞ്ചു പൂട്ടുപെട്ടിയിൽ സൂക്ഷിക്കയും പെട്ടി മുതൽപിടിക്കാരൻ സൂക്ഷിക്കയും ചെയ്തുകൊള്ളണമെന്നും (3) ട്രസ്റ്റികളിൽ മരിച്ചുപോയ ട്രസ്റ്റിക്കു പകരം പുത്തൻപുരയ്ക്കൽ ചാണ്ടി തോമ്മായെയും, സുഖമില്ലാത്ത ട്രസ്റ്റിക്കു പകരം വടക്കേവീട്ടിൽ ചാണ്ടി പെരുമാളിനെയും ചേർത്തു നടത്തിക്കൊള്ളണമെന്നും, പ്രായാധിക്യം നിമിത്തം മുതൽചുമതല നടത്താൻ ശക്തിയില്ലാത്ത ഇപ്പോഴത്തെ മുതൽപിടിക്കു പകരം ടിയാന്റെ മകൻ കുത്തൂർ ഇട്ടിച്ചെറിയ മത്തായിയെ മുതൽപിടിക്കാരനായി നിയമിച്ചുതരണമെന്നും 10 രൂപായിൽ കവിയാത്ത ഒരു സംഖ്യ മുതൽപിടിക്കാരന്റെ കൈവശം സൂക്ഷിച്ചുകൊള്ളേണ്ടതാണെന്നും, മുതൽപിടിക്കാരനെ ... രൂപാ പത്രത്തിൽ ഒരു ഉടമ്പടി എഴുതി ... മെന്നും മറ്റും.

102 മേടം 12-നു പരുമല സിമ്മനാരിയിൽ നിന്നും.

439. നമ്മുടെ ചന്ദനപ്പള്ളി വലിയപള്ളിയിൽ വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടെകണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, ആ പള്ളി സംബന്ധമായ ചില സംഗതികളെക്കുറിച്ച് നിങ്ങൾ ഇടവകക്കാർ തമ്മിൽ സ്വരചേർച്ചയില്ലാതെ ഒന്നുരണ്ടു സംഗതികളിൽ അഭിപ്രായഭേദക്കാരായി തീർന്നിരിക്കുന്നതിൽ നാം ഖേദിക്കുന്നു. ആ പള്ളി പുരയിടത്തിന്റെയും സ്ഥലത്തിന്റെയും, പ. ഗീവറുഗീസ് സഹദായുടെ പേരിലാണെ ... കരമൊടുക്കു കൊപ്പാറെ ഗീവറുഗീസ് ചെറിയാന്റെ പേരിൽ ആകകൊണ്ടും പള്ളി സംബന്ധമായി ടിയാനു മറ്റുള്ളവരേക്കാൾ ... ചില വിശേഷതകൾ ഉണ്ടെന്നു ഭാവിക്കുന്നതായും അതു മറ്റുള്ളവർക്കു സങ്കടമാണെന്നും അതിനു പരിഹാരമുണ്ടാക്കണമെന്നും നിങ്ങളിൽ ഒരു ഭാഗക്കാർ വാദിക്കുന്നു എന്നു മാത്രമല്ല അതിനു പരിഹാരമുണ്ടാക്കുന്നതുവരെ പള്ളിയുടെ കെട്ടിമേച്ചിൽ മുതലായ തൽക്കാല പണികൾക്കു പോലും യോജിച്ചു നടത്തുന്നതിനു മനസ്സില്ലാത്തവരായി തീർന്നിരിക്കയാണെന്നു നാം അറിയുന്നു. ഈ സന്ദർഭത്തിൽ നാം അവിടെ എത്തി അവിടത്തെ തർക്കങ്ങൾക്കു പരിഹാരമുണ്ടാക്കി നിങ്ങളെ തമ്മിൽ യോജിപ്പിക്കണമെന്നുള്ള അപേക്ഷയോടുകൂടി നിങ്ങൾ ഇരുഭാഗക്കാരുടെയും പ്രതിപുരുഷന്മാർ ഇന്നേ ദിവസം നമ്മുടെ അടുക്കൽ വന്നു നാം അവിടേക്കു നീങ്ങണമെന്നു നമ്മോടു നിർബ്ബന്ധിക്കയുണ്ടായി. കഷ്ടാനുഭവയാഴ്ച കഴിഞ്ഞിരിക്കുന്ന ദിവസങ്ങൾ ആകകൊണ്ടു തൽക്കാലം പള്ളിസഞ്ചാരത്തിനു നമുക്കു ശക്തിയില്ലാതാണിരിക്കുന്നതു. നാം ഒരു വൃദ്ധനുമാണെന്നു നിങ്ങൾക്കറിയാമല്ലോ. അതുകളെ കൂട്ടാക്കാതെ ഉടൻതന്നെ നാം അങ്ങോട്ടു പുറപ്പെടുക എന്നു വച്ചാലും അയ്ക്കലായുടെ മേൽകൂട്ടു പോയി കെട്ടിമേച്ചിൽ ഇല്ലാതിരിക്കുമ്പോൾ വി. കുർബ്ബാന മുതലായ കർമ്മാദികൾ എങ്ങിനെ നാം പള്ളിയിൽ നടത്തേണ്ടൂ. നിങ്ങൾ എല്ലാവരും നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കളാണെങ്കിലും നമ്മുടെ മുമ്പാകെ വച്ചു അന്യന്മാർ നിങ്ങളെ ആക്ഷേപിക്കുന്നതിനു ഇടയാകുന്നതു നമുക്കും നിങ്ങൾക്കും സങ്കടമായിരിക്കുമല്ലോ. അതിനാൽ പട്ടയ സംഗതിയിൽ കൊപ്പാറ ഗീവറുഗീസു ചെറിയാനു വിശേഷാൽ യാതൊരു പ്രശംസയ്ക്കും ഇടയാകാത്തവിധത്തിൽ നാം ചെയ്വാനിരിക്കുന്ന തീരുമാനത്തെ സമ്മതിച്ചിരിക്കയാണെന്നുള്ള ലക്ഷ്യത്തിലേക്കു ഈ നമ്മുടെ കല്പന അവിടെ എത്തിയാലുടൻ തന്നെ ടി പട്ടയവും ഉത്തരവു ചിട്ടിയും ഇവിടെ നമ്മുടെ അടുക്കൽ എത്തിച്ചുതരികയും പട്ടയത്തിന്റെ സംഗതി ആയതിന്റെ സംഗതിയിൽ നാം ആ ഇടവകക്കാരെ ഏവരേയും ഒന്നുപോലെ വിചാരിച്ചു മാത്രമേ പ്രവർത്തിക്കയുള്ളുവെന്നും ഇടവകക്കാരായ നിങ്ങൾക്കു നമ്മിലുള്ള വിശ്വാസത്തെ വെളിപ്പെടുത്തുവാൻ പള്ളിയുടെ തൽക്കാല കെട്ടിമേച്ചിൽ എങ്കിലും നിങ്ങൾ ഏവരും യോജിച്ച് ഉടനെതന്നെ നടത്തുകയും ചെയ്യണം. ഈ രണ്ടു സംഗതികളും നിവർത്തിച്ചതിന്റെ ശേഷം നിങ്ങൾ നമ്മെ അറിയിച്ചാൽ നാം അവിടെയെത്തി കൊപ്പാറ ഗീവറുഗീസ് ചെറിയാനെക്കൊണ്ടു ആവശ്യപ്പെട്ട സമ്മതി ഹർജി കല്പിക്കയും ആ പള്ളിയുടെ ഭാവി ക്ഷേമത്തിനു ആവശ്യപ്പെട്ട മറ്റു സംഗതികളെക്കുറിച്ചു നിങ്ങളുടെ അഭിപ്രായങ്ങളും ചോദിച്ചറിഞ്ഞു വേണ്ട ശട്ടംകെട്ടുകൾ ചെയ്കയും ചെയ്യുന്നതാണ്. ഇതു സംബന്ധമായും മറ്റും നിങ്ങളുടെ പ്രതിപുരുഷന്മാരോടു നാം പറഞ്ഞിട്ടുള്ളവ അവർ നിങ്ങളെ മനസ്സിലാക്കുന്നതുമാണ്. ശേഷം പിന്നാലെ. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1927-നു കൊല്ലം 1102 മേടം 12-നു പരുമല സിമ്മനാരിയിൽ നിന്നും.

440. കൊച്ചുമെത്രാച്ചനു. തേക്കിൽ വടക്കേക്കര കല്ലുങ്കൽ ഒരു പുതിയ പള്ളി സ്ഥാപിക്കുന്നതിനു സാക്ഷിപത്രം കൊടുക്കുന്നതിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

441. ബഥനി മെത്രാച്ചനു. ചാക്കോ സൂപ്രണ്ടിന്റെ മകന്റെ കല്യാണത്തിനു പോകേണ്ടതിനെക്കുറിച്ചും മറ്റും. 102 മേടം 13-നു പരുമല സിമ്മനാരി.

442. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു.

443. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്കു. ...

444. വേണാട്ടുകളത്തിൽ യോഹന്നാൻ കത്തനാർക്കു. പള്ളം പള്ളി സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചും മറ്റും. 102 മേടം 13-നു പരുമല സിമ്മനാരിയിൽ നിന്നും.

445. തോപ്പിൽ കുറിയാക്കോസു കത്തനാർക്കു. ടി കാര്യങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

446. എം. ഒ. തോമ്മസു വക്കീലിനു. ടി കാര്യങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

447. ചാക്കോ സൂപ്രണ്ടിനു. മകൻ ജോർജിന്റെ കല്യാണത്തിനു മംഗളാശംസകളും മറ്റും. ടി തീയതി. ടി സ്ഥലം.

448. എല്ലാ പള്ളിക്കാർക്കും. കൊല്ലപ്പെട്ട പാപ്പിയുടെ കുടുംബത്തിനു സഹായം ചെയ്യണമെന്നു. 102 മേടം 14-നു പരുമല സിമ്മനാരിയിൽ നിന്നും.

449. കെ. സി. ഈപ്പനു. ചില കണക്കുകൾ അയപ്പിച്ചു തരണമെന്നും മറ്റും.

ടി തീയതി. ടി സ്ഥലം.

450. പ്ലാന്റർ കൊച്ചുമ്മനു. നിരണത്തു കെ. സി. ബഹനാൻ എന്ന കൊച്ചനു എന്തെങ്കിലും ജോലി കൊടുക്കണമെന്നും മറ്റു വർത്തമാനങ്ങൾക്കും. 102 മേടം 15-നു പരുമല സിമ്മനാരിയിൽ നിന്നും.

451. റ്റി. വി. ജോൺ ശെമ്മാശനു. കത്തനാരു പട്ടമേൽക്കുന്നതിനെ സംബന്ധിച്ചും മറ്റും. 102 മേടം 15-നു പരുമല സിമ്മനാരിയിൽ നിന്നും.

452. മണമേൽ പാലമറ്റത്തു കൊച്ചു പോത്തച്ചനു. മകളുടെ കല്യാണത്തെക്കുറിച്ചു മംഗളാശംസകളും മറ്റും. ടി തീയതി. ടി സ്ഥലം.

453. ഏറാട്ടു അബ്രഹാം ശെമ്മാശനു. തന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചു സഹതപിക്കുന്നു. എവിടെയെങ്കിലും പള്ളികളിൽ പട്ടക്കാരെ ആവശ്യമുണ്ടാകുമ്പോൾ ആലോചിക്കാമെന്നു. ടി തീയതി. ടി സ്ഥലം.



454. തോലാനിക്കുന്നേൽ വറുഗീസു ശെമ്മാശനു. കോട്ടയത്തു ഇംഗ്ലീഷ് പഠിക്കുന്നതിനെപ്പറ്റിയും മറ്റും. ടി തീയതി. ടി സ്ഥലം.

455. മംഗലത്തിൽ പീടികയിൽ കുഞ്ഞി ഗീവറുഗീസിനു. നിങ്ങളുടെ പള്ളിക്കാര്യത്തെ സംബന്ധിച്ചു ചിലതെല്ലാം പറയാനുള്ളതുകൊണ്ടു ഇത്രടം വന്നുപോകണമെന്നു. 102 മേടം 16-നു പരുമല സിമ്മനാരിയിൽ നിന്നും.

456. ചന്ദനപ്പള്ളി വലിയപള്ളിക്കാർക്കു. പ്രിയരെ, ഈ മാസം 2-നു 439-ാം നമ്പ്രായി കുറ്റിയിൽ മാത്തൻ പൗലോവശം അയച്ചതായ കല്പന അവിടെ കിട്ടിയിരിക്കുമല്ലോ. അതനുസരിച്ച് കൊപ്പാറെ ഗീവറുഗീസ് ചെറിയാൻ ഇന്നേദിവസം ആ പള്ളി പുരയിടത്തിന്റെയും നിലത്തിന്റെയും തെരുവു ചീട്ടിയും പട്ടയവും ഇവിടെ അയച്ചുതന്നിരിക്കുന്നു. നാം ആരെ ഏല്പിക്കുന്നുവോ അതുപ്രകാരം ടിയാന്റെ പേരിൽ നിന്നും കരമടക്കു മാറ്റി വേറെ നിയമിക്കുന്ന ആളിന്റെ പേരിൽ ഒടുക്കുന്നതിനു സമ്മതം ... സമ്മതിച്ചിരിക്കുകയാണ്. അതിനാൽ നിങ്ങൾ യോജിച്ച് പള്ളിയുടെ തൽക്കാല കെട്ടിമേച്ചിൽ കഴിച്ച് വിവരം നമ്മെ അറിയിക്കുന്ന സമയം നാം അവിടെയെത്തി ഗീവറുഗീസ് ചെറിയാനെക്കൊണ്ടു സമ്മതമെഴുതി വെയ്പിക്കുന്നതാണ്. നാം അവിടെ വന്നതിന്റെ ശേഷമേ കെട്ടിമേച്ചിൽ കഴിക്കുന്നതിനു തയ്യാറാവുകയുള്ളുവെന്ന് നിങ്ങളിൽ ചിലർ പറയുന്നതായി നാം അറിയുന്നു. അതൊരു കഥയില്ലാത്ത നിർബ്ബന്ധമെന്നു മാത്രം നാം വിചാരിക്കുന്നു. കെട്ടിമേച്ചിലിനു മുമ്പു നമുക്കു അവിടെ എത്തുന്നതിനുള്ള സൗകര്യക്കുറവും അതിനുള്ള കാരണവും മുമ്പിലത്തെ നമ്മുടെ കല്പനയിൽ നാം വിവരിച്ചിട്ടുള്ളതിനാൽ വീണ്ടും നാം വിസ്തരിക്കണമെന്നില്ലല്ലോ.

നമ്മുടെ സാന്നിദ്ധ്യം ഉടൻതന്നെ അത്യാവശ്യമാണെന്നു നിങ്ങളിൽ വല്ലവരും വിചാരിക്കുന്നുയെങ്കിൽ നമ്മുടെ സാന്നിദ്ധ്യത്തിനു നാം അവിടെയെത്തിയേ മതിയാവൂ എന്നില്ലല്ലോ. നിങ്ങൾ ഇവിടെ നമ്മുടെ അടുക്കൽ വന്നാലും മതിയാകുമല്ലോ. അതിനാൽ ഉടൻതന്നെ പള്ളി മേയിച്ചിട്ടു നിങ്ങൾ നമ്മുടെ അടുക്കൽ വരികയോ നിങ്ങൾ ഇവിടെ വന്നിട്ടു നമ്മുടെ ശട്ടംകെട്ടനുസരിച്ച് പള്ളി മേയിക്കയോ ചെയ്തുകൊള്ളണം. മറ്റുള്ള സംഗതികൾ നാം അവിടെ വന്നു തീരുമാനിച്ചുകൊള്ളാവുന്നതാണ്. സർവ്വശക്തനായ...

എന്നു 1927-നു കൊല്ലം 102 മേടം 17-നു പരുമല സിമ്മനാരിയിൽ നിന്നും.

457. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

458. ചെമ്മങ്കുഴ ... കത്തനാർക്കു. ശീമക്കാര്യം മുതലായവയ്ക്കു. ... കാര്യങ്ങളെക്കുറിച്ചും മറ്റും.

460. കൂടത്തുംമുറിയിൽ കീവറീച്ചനു. മകൾ കുഞ്ഞൂഞ്ഞമ്മയുടെ കല്യാണകാര്യത്തെ ... 102 മേടം 17-നു പരുമല സിമ്മനാരിയിൽ നിന്നും.

461. ... സമുദായ സംഗതികൾക്കും മറ്റും. 102 മേടം 17-നു പരുമല സിമ്മനാരിയിൽ നിന്നും.

462. മട്ടയ്ക്കൽ മല്പാനു. സ്റ്റുഡന്റ് കോൺഫ്രൻസ് പഴയ സിമ്മനാരിയിൽ വച്ചു നടത്തുന്നതിനെക്കുറിച്ചും മറ്റും. 102 മേടം 20-നു പരുമല സിമ്മനാരിയിൽ നിന്നും.

463. .... എം.ഡി. സിമ്മനാരി കെട്ടിടത്തിന്റെ തടിയെക്കുറിച്ചും മറ്റും സംബന്ധിച്ചുള്ള കാര്യങ്ങളും മറ്റും. ടി തീയതി. ടി സ്ഥലം.

464. ഒ. എം. ചെറിയാച്ചനു. അയിരൂർകാരൻ വി. എം. തൊമ്മൻ വാദ്ധ്യാരുടെ ഭാര്യയെ തെള്ളിയൂർ സ്കൂളിലേക്കു മാറ്റിക്കിട്ടേണ്ടതിലേക്കുള്ള ശുപാർശക്കത്ത്. 102 മേടം 23-നു പരുമല സിമ്മനാരിയിൽ നിന്നും.

465. കൊച്ചുമെത്രാച്ചനു. പത്തനാപുരത്തെ ... കാര്യങ്ങൾ കേട്ടു തീരുമാനിക്കേണ്ടതിനെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

466. കോനാട്ടു മല്പാനു. ശീമയാത്രയെക്കുറിച്ചും മറ്റും. 102 മേടം 24-നു പരുമല സിമ്മനാരി.

467. പാലപ്പിള്ളിൽ കത്തനാച്ചനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

468. കല്ലുങ്കൽ മുറിക്കാർക്കു. അവിടെ ഒരു പള്ളിക്കു മാത്രം ആവശ്യമായിരിക്കെ രണ്ടു പള്ളികൾ സ്ഥാപിക്കണമെന്നു നിങ്ങൾ ഒരു കൂട്ടർ ശഠിക്കുന്നതുകൊണ്ടു നിങ്ങളെ സമാധാനമാക്കുന്നതിനു ഈ വരുന്ന ഞായറാഴ്ച (ഇടവം 1-നു) ഇവിടെ വരണമെന്നു. 102 മേടം 27-നു പരുമല സിമ്മനാരി.

469. കൊച്ചുമെത്രാച്ചനു. പള്ളിക്കാർക്കു അനുവാദ അപേക്ഷ കല്പിക്കുന്നതിനെക്കുറിച്ചും മറ്റു വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

470. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു.

471. വടുതലെ ഈശോ കത്തനാർക്കു. കൈപ്പട്ടൂരെ വഴക്കുകളെപ്പറ്റിയും, ഇത്രടം വന്നപോകണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

472. ... ഇടിക്കുള വറുഗീസിനും ... ടി തീയതി. ടി സ്ഥലം.

474. മണലിൽ മാണി ഗീവറുഗീസിന്. ... മറ്റു വർത്തമാനങ്ങൾക്കും. 102 മേടം 27-നു പരുമല സിമ്മനാരിയിൽ നിന്നും.

475. കടമ്മനിട്ട പുത്തൻപുരയ്ക്കൽ ഗീവറുഗീസു കത്തനാർക്കു. വരുന്ന വ്യാഴാഴ്ച വരണമെന്ന് കടമ്മനിട്ട പള്ളിക്കാർ മുതലായവർക്കു കല്പനകൾ അയച്ചിട്ടുണ്ടെന്നും ... വന്നുചേരണമെന്നും. 102 മേടം 28-നു പരുമല.

476. കടമ്മനിട്ട പള്ളിക്കാർക്കു. വരുന്ന വ്യാഴാഴ്ച ഇരു യോഗക്കാരും, തെങ്ങുംതറയിൽ ഗീവറുഗീസ് കത്തനാരെയും പുത്തൻപുരയ്ക്കൽ ഗീവറുഗീസ് കത്തനാരെയും കൂട്ടിക്കൊണ്ടു ഇവിടെ വന്നുചേരണമെന്നു. ടി തീയതി. ടി സ്ഥലം.

477. പഴഞ്ഞി പള്ളിയിലെ കശീശന്മാർക്കു. ... ചെറുവത്തൂരു ചെറിയാക്കുവിന്റെ മകൾ മറിയമെന്ന പെണ്ണിനെ വിവാഹം കഴിച്ച ... 10-15 വർഷങ്ങളായിരിക്കുന്നതുകൊണ്ടു ആ സ്ത്രീയെ ... ആർക്കെങ്കിലും വിവാഹം കഴിപ്പിച്ചു കൊടുക്കുന്നതിനു അനുവദിക്കണമെന്നു ടി സ്ത്രീയുടെ തള്ള അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ആ സ്ത്രീയുടെ ഭർത്താവിനെപ്പറ്റി വിവരമായി അറിയാതെ ഒന്നും ചെയ്യാൻ പാടില്ല. അതുകൊണ്ടു ഈ വിവരം ടി സ്ത്രീയുടെ തള്ളയെ അറിയിക്കണമെന്നും മറ്റും. 102 മേടം 29-നു പരുമല സിമ്മനാരി.

478. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. വർത്തമാനങ്ങൾക്കു.


479. പാറേട്ടു മാത്യൂസ് കത്തനാർക്കും വള്ളക്കാലിൽ ഉണ്ണൂണ്ണിക്കും. എം.ഡി. യുടെ പണിക്കാര്യത്തെക്കുറിച്ചും കറുകയിൽ കൊച്ചുതുപ്പിന്റെ മകൻ അലക്സാണ്ടർ ... യെ ആ സ്കൂളിലേക്കു ആക്കേണ്ടതിനെക്കുറിച്ചും. ടി തീയതി. ടി സ്ഥലം.

480. കോനാട്ടു മല്പാനു. ശീമയാത്രയെപ്പറ്റിയും മറ്റും. 102 ഇടവം 2-നു പരുമല സിമ്മനാരി.

481. ഒ. എം. ചെറിയാന്. പാഠപുസ്തകങ്ങൾ വിൽക്കുന്നതിനുള്ള കൺട്രാക്ടറാക്കാൻ താലൂക്കുകളിലെ ... കൊടുക്കുന്നതിനെക്കുറിച്ചു. 102 ഇടവം 3-നു പരുമല സിമ്മനാരി.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



ലേയ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



പഴയനിയമത്തിലെ ഉല്പത്തി പുസ്തകത്തിലെ ഒരു കേന്ദ്ര കഥാപാത്രമാണ് ലേയ. അവൾ ഗോത്രപിതാവായ യാക്കോബിന്റെ ആദ്യ ഭാര്യയും യാക്കോബ് അഗാധമായി സ്നേഹിച്ച റാഹേലിന്റെ സഹോദരിയുമായിരുന്നു. ലേയയുടെ കഥ സഹിഷ്ണുതയുടെയും വൈകാരിക പോരാട്ടത്തിന്റെയും വിശ്വാസത്തിന്റെയും ഒന്നാണ്.

1. സ്നേഹിക്കപ്പെടാത്തവളും വിശ്വസ്തയും

ലേയയുടെ ഏറ്റവും നിർണായകമായ സ്വഭാവം അവളുടെ ഭർത്താവായ യാക്കോബ് അവളെ സ്നേഹിക്കുന്നില്ല എന്നതാണ്. യാക്കോബിന് ലേയയെയോ റാഹേലിനെയോ വിവാഹം കഴിക്കാനുള്ള അവസരം ലഭിച്ചപ്പോൾ, തന്റെ ഇഷ്ടഭാര്യയായ റാഹേലിനെ വിവാഹം കഴിക്കാനുള്ള അവകാശത്തിനായി അവൻ ഏഴു വർഷം പ്രവർത്തിച്ചു. എന്നിരുന്നാലും, വിവാഹ രാത്രിയിൽ, റാഹേലിനു പകരം ലേയയെ കൊണ്ടുവന്ന അവന്റെ അമ്മായിയപ്പനായ ലാബാൻ യാക്കോബിനെ വഞ്ചിച്ചു (ഉല്പത്തി 29:21-25). തത്ഫലമായി, യാക്കോബിന് അവളോട് യാതൊരു വാത്സല്യവുമില്ലാതിരുന്നിട്ടും ലേയ യാക്കോബിനെ വിവാഹം കഴിച്ചു. ഈ സാഹചര്യം ലേയയോട് തിരസ്കരണത്തിന്റെയും ഏകാന്തതയുടെയും വികാരങ്ങൾക്ക് കാരണമായിരിക്കാം. സ്നേഹിക്കപ്പെടാതിരുന്നിട്ടും, ഭാര്യയും അമ്മയും എന്ന നിലയിലുള്ള തന്റെ ഉത്തരവാദിത്തത്തോട് ലേയ വിശ്വസ്തത പുലർത്തി.

ലേയയുടെ കഥ നമ്മെ ഓർമ്മിപ്പിക്കുന്നത്, സമൂഹത്താൽ സ്നേഹിക്കപ്പെടാത്തവരെയും അവഗണിക്കപ്പെടുന്നവരെയും വിലകുറച്ച് കാണിക്കുന്നവരെയും ദൈവം അവഗണിക്കുന്നില്ലെന്നാണ്. ലേയയെ യാക്കോബ് നിരസിച്ചിട്ടുണ്ടെങ്കിലും ദൈവം അവളെ ഒരിക്കലും ഉപേക്ഷിച്ചില്ല. ദൈവം ലേയയുടെ ദുരവസ്ഥ കാണുകയും അവളെ മക്കളെ നൽകി അനുഗ്രഹിക്കുകയും ചെയ്തുവെന്ന് ബൈബിൾ സ്ഥിരീകരിക്കുന്നു. ഉല്പത്തി 29:31-ൽ പറയുന്നു, 'ലേയ സ്നേഹിക്കപ്പെടുന്നില്ലെന്ന് കണ്ടപ്പോൾ കർത്താവ് അവളുടെ ഗർഭം തുറന്നു. 'പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പോരാട്ടങ്ങൾ ദൈവം കാണുകയും അവരുടെ ആവശ്യങ്ങളോട് പ്രതികരിക്കുകയും ചെയ്യുന്നതായി ഇത് കാണിക്കുന്നു.

വ്യക്തിപരമായ മൂല്യം മനുഷ്യസ്നേഹത്തിലോ അംഗീകാരത്തിലോ അധിഷ്ഠിതമാണെന്ന ധാരണയെ ലേയയുടെ ജീവിതം വെല്ലുവിളിക്കുന്നു. ഭർത്താവ് അവളെ സ്നേഹിക്കാതിരുന്നിട്ടും അവൾ ദൈവത്തിന്റെ പ്രീതി കണ്ടെത്തി. മറ്റുള്ളവർ നമ്മോട് എങ്ങനെ പെരുമാറുന്നു എന്നതിനെ അടിസ്ഥാനമാക്കിയല്ല, മറിച്ച് നമ്മുടെ ജീവിതത്തോടുള്ള ദൈവത്തിന്റെ സ്നേഹവും ഉദ്ദേശ്യവുമാണ് നമ്മുടെ മൂല്യം നിർവചിക്കുന്നതെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു.

2. വിശ്വാസത്തിന്റെയും കൃതജ്ഞതയുടെയും ശക്തി

ലേയയുടെ കഥ വിശ്വാസത്തിന്റെയും നന്ദിയുടെയും ശക്തിയുടെ തെളിവാണ്. അവളുടെ പ്രയാസകരമായ സാഹചര്യങ്ങൾക്കിടയിലും, തന്റെ ജീവിതത്തിൽ ദൈവകരം പ്രവർത്തിക്കുന്നത് കണ്ടപ്പോൾ അവൾ ദൈവത്തെ സ്തുതിക്കാൻ തീരുമാനിച്ചു. അവളുടെ മക്കളുടെ പേരിടൽ ദൈവത്തിന്റെ വിശ്വസ്തതയെക്കുറിച്ചുള്ള വളർന്നുവരുന്ന അവളുടെ ധാരണയെ വെളിപ്പെടുത്തുന്നു. ഭർത്താവിന്റെ സ്നേഹത്തിനായി കൊതിച്ചെങ്കിലും, ദൈവത്തിന്റെ കരുതലിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ലേയ പഠിച്ചു. മക്കളുടെ പേരുകളിലൂടെയുള്ള അവളുടെ വിശ്വാസപ്രകടനം, ദൈവാനുഗ്രഹങ്ങൾ എത്ര പ്രയാസകരമാണെങ്കിലും, എല്ലാ സാഹചര്യങ്ങളിലും ദൈവാനുഗ്രഹങ്ങൾ തിരിച്ചറിയാനുള്ള ഒരു ഓർമ്മപ്പെടുത്തലായി വർത്തിക്കുന്നു.

ലേയ തന്റെ മക്കൾക്ക് തിരഞ്ഞെടുത്ത പേരുകളിൽ അവളുടെ വൈകാരിക പോരാട്ടങ്ങൾ പ്രകടമായിരുന്നു, അവയിൽ ഓരോന്നും യാക്കോബിന്റെ സ്നേഹത്തിനും അംഗീകാരത്തിനുമുള്ള അവളുടെ ആഴമായ ആഗ്രഹത്തെ പ്രതിഫലിപ്പിച്ചു. ഉദാഹരണത്തിന്, ലേയ രൂബേനെ പ്രസവിച്ചപ്പോൾ, അവൾ അവനു ഒരു മകനെ പ്രസവിച്ചതിനാൽ, യാക്കോബ് തന്നെ സ്നേഹിക്കുമെന്ന അവളുടെ പ്രത്യാശയിൽ അവൾ അവന് പേരിട്ടു (ഉല്പത്തി 29:32). തുടർന്നുള്ള ഓരോ കുട്ടിയിലും, യാക്കോബിന്റെ വാത്സല്യത്തിനും ദൈവത്തോടുള്ള നന്ദിയ്ക്കും വേണ്ടിയുള്ള വാഞ്ഛയുടെ മിശ്രിതം ലേയ പ്രകടിപ്പിച്ചു. ഉദാഹരണത്തിന്, അവൾ യഹൂദയെ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു, 'ഇത്തവണ ഞാൻ കർത്താവിനെ സ്തുതിക്കും' (ഉല്പത്തി 29:35). അവളുടെ കുട്ടികൾ യാക്കോബിന്റെ സ്നേഹത്തോടുള്ള അവളുടെ ആഗ്രഹത്തിന്റെ പ്രകടനവും ദൈവത്തിന്റെ കരുതലിന്റെ അംഗീകാരവുമായിരുന്നു.

അവളുടെ കഥയിലുടനീളം, ലേയ തന്റെ മക്കൾക്ക് പേരിടുന്നത് അവളുടെ മാറുന്ന സ്വത്വബോധത്തെ പ്രതിഫലിപ്പിക്കുന്നു. ഓരോ കുട്ടിയുടെയും പേര് അവളുടെ വികാരങ്ങളുടെ പ്രതിഫലനമാണ്. നമ്മുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ പേരുകൾ വഹിക്കുന്ന ശക്തമായ പങ്കിനെ ഇത് എടുത്തു കാണിക്കുന്നു. മറ്റുള്ളവരുടെ ക്ഷണികമായ അംഗീകാരത്തേക്കാൾ, നമ്മോടുള്ള സ്നേഹവും ലക്ഷ്യവും അചഞ്ചലമായ ദൈവത്തിൽ നാം നമ്മുടെ വ്യക്തിത്വം അന്വേഷിക്കണം എന്ന ഓർമ്മപ്പെടുത്തലാണ്.

3. പ്രാർത്ഥനയിലും ആരാധനയിലും വിശ്വസ്തത പുലർത്തുന്നു

ലേയയുടെ പോരാട്ടങ്ങളിലുടനീളം അവൾ തന്റെ വിശ്വാസത്തിലും ദൈവത്തോടുള്ള ഭക്തിയിലും ഉറച്ചുനിന്നു. ദൈവത്തിലുള്ള അവളുടെ ആശ്രയം അവളുടെ പ്രാർത്ഥനയിലും സാഹചര്യങ്ങൾക്കിടയിലും ദൈവം തന്റെ മക്കളെ നൽകിയിട്ടുണ്ടെന്ന അവളുടെ അംഗീകാരത്തിലും കാണുന്നു. യാക്കോബിന്റെ വാത്സല്യം റാഹേലിൽ കേന്ദ്രീകരിച്ചിരുന്നെങ്കിലും, അമ്മയെന്ന നിലയിൽ തന്റെ കർത്തവ്യം നിറവേറ്റാനും ദൈവവുമായുള്ള ബന്ധം തുടരാനും ലേയ തയ്യാറായിരുന്നു. അവളുടെ വിശ്വാസം അവളെ തിരസ്കരണം സഹിക്കാനും അവളുടെ ജീവിതത്തിൽ അർത്ഥം കണ്ടെത്താനും അനുവദിച്ചു.

ദൈവം തന്റെ ഉദ്ദേശ്യം നിറവേറ്റാൻ 'കാണാത്തത്' ഉപയോഗിക്കുന്നു: തന്റെ മഹത്തായ പദ്ധതിയിൽ പലപ്പോഴും അവഗണിക്കപ്പെടുകയോ പാർശ്വവൽക്കരിക്കപ്പെടുകയോ ചെയ്യുന്നവരെ ദൈവത്തിന് ഉപയോഗിക്കാൻ കഴിയുമെന്നും

ലേയയുടെ ജീവിതം കാണിക്കുന്നു. തന്റെ പങ്ക് റാഹേലിന്റേതിനു താഴെയാണെന്ന് ലേയയ്ക്ക് തോന്നിയിരിക്കാമെങ്കിലും, അവളുടെ മക്കൾ ഇസ്രായേൽ ജനതയുടെ വികസനത്തിൽ നിർണായക പങ്ക് വഹിച്ചു. ഉദാഹരണത്തിന്, അവളുടെ നാലാമത്തെ മകനായ യഹൂദ, ദാവീദ് രാജാവിന്റെയും യേശുക്രിസ്തുവിന്റെയും പൂർവികനായിത്തീർന്നു, താഴ്മയുള്ളതോ വേദനാജനകമായതോ ആയ സാഹചര്യങ്ങളിൽ നിന്ന് ദൈവത്തിന് വലിയ കാര്യങ്ങൾ കൊണ്ടുവരാൻ കഴിയുമെന്ന് കാണിക്കുന്നു. നമ്മൾ കാണാത്തവരോ വിലകുറച്ചവരോ ആണെന്ന് തോന്നിയാലും, നമുക്ക് ഓരോരുത്തർക്കും ഒരു വ്യത്യാസം വരുത്താനുള്ള സാധ്യതയെക്കുറിച്ച് ലേയയുടെ ജീവിതം വ്യക്തമാക്കുന്നു.

4. സഹിഷ്ണുതയുടെയും സഹിഷ്ണുതയുടെയും ഒരു മാതൃക

ലേയയുടെ ജീവിതം തുടർച്ചയായ സഹിഷ്ണുത നിറഞ്ഞതായിരുന്നു. അവൾക്ക് ഭർത്താവിൽ നിന്ന് വൈകാരികമായ തിരസ്കരണം നേരിടേണ്ടി വന്നു, പക്ഷേ അവൾ ഭാര്യയും അമ്മയും എന്ന നിലയിലുള്ള തന്റെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുകയും ഇസ്രായേലിന്റെ ഭാവിക്ക് സംഭാവന നൽകുകയും ചെയ്തു. ബുദ്ധിമുട്ടുകൾക്കിടയിലും അവളുടെ സഹിഷ്ണുത അവളുടെ മക്കളിലൂടെ ശാശ്വതമായ ഒരു പാരമ്പര്യം ഉപേക്ഷിക്കാൻ അവളെ അനുവദിച്ചു, അവരിൽ ചിലർ ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളുടെ നേതാക്കളായി. പ്രതികൂല സാഹചര്യങ്ങൾക്കിടയിലും തുടരാനുള്ള ലേയയുടെ കഴിവ് ബൈബിളിന്റെ നിരവധി വായനക്കാരെ പ്രചോദിപ്പിച്ച സ്ഥിരോത്സാഹത്തിന്റെ ഒരു ഉദാഹരണമാണ്.

അവളുടെ വൈകാരിക വേദനയിലൂടെയും ബുദ്ധിമുട്ടുള്ള ദാമ്പത്യത്തിലൂടെയും ലേയയുടെ സഹിഷ്ണുത ഞങ്ങൾക്ക് ഒരു പ്രചോദനമായി വർത്തിക്കുന്നു. ജീവിതം വെല്ലുവിളികൾ നിറഞ്ഞതാണ്, കാര്യങ്ങൾ ആസൂത്രണം ചെയ്തതുപോലെ നടക്കാത്തപ്പോൾ നിരുത്സാഹപ്പെടാൻ എളുപ്പമാണ്. എന്നിരുന്നാലും, സ്ഥിരോത്സാഹത്തിന്റെയും ദൈവത്തിന്റെ സമയത്തിൽ ആശ്രയിക്കുന്നതിന്റെയും വ്യക്തിപരമായ പോരാട്ടങ്ങൾക്കിടയിലും നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ തുടരുന്നതിന്റെയും പ്രാധാന്യം ലേയ നമ്മെ പഠിപ്പിക്കുന്നു. ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ തളരാതെ, നമ്മുടെ വേദനയിൽ നിന്ന് ലക്ഷ്യം കൊണ്ടുവരാൻ ദൈവത്തിന് കഴിയുമെന്ന് വിശ്വസിക്കാൻ അവളുടെ ജീവിതം നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

തിരസ്കരണവും വൈകാരിക സംഘർഷങ്ങളും പ്രയാസകരമായ സാഹചര്യങ്ങളും നേരിട്ട ഒരു സ്ത്രീയുടെ ശക്തമായ ആഖ്യാനമാണ് ലേയയുടെ കഥ. യാക്കോബ് സ്നേഹിച്ചില്ലെങ്കിലും, ലേയ ദൈവത്തോട് വിശ്വസ്തയായി തുടർന്നു, അവളുടെ പ്രതിരോധം ശാശ്വതമായ ഒരു പാരമ്പര്യം അവശേഷിപ്പിച്ചു. ലേയ നൽകുന്ന സന്ദേശങ്ങൾ അഗാധമാണ്: ദൈവം സ്നേഹിക്കാത്തവരെ കാണുകയും പരിപാലിക്കുകയും ചെയ്യുന്നു, വിശ്വാസവും നന്ദിയും രോഗശാന്തിയും പ്രത്യാശയും കൊണ്ടുവരും, പരീക്ഷണങ്ങളെ നേരിടുന്ന സഹിഷ്ണുത ദൈവത്തിന്റെ ഉദ്ദേശ്യങ്ങളുടെ പൂർത്തീകരണത്തിലേക്ക് നയിക്കുന്നു.

വേദനയുടെയും തിരസ്കരണത്തിന്റെയും മുഖത്ത് പോലും, നമ്മുടെ ജീവിതത്തോടുള്ള ദൈവത്തിന്റെ സ്നേഹവും ലക്ഷ്യവും അചഞ്ചലമാണെന്നും നാം ഒരിക്കലും പ്രതീക്ഷിക്കാത്ത വിധത്തിൽ അവന് നമ്മെ ഉപയോഗിക്കാൻ കഴിയുമെന്നും ലേയയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ പോരാട്ടങ്ങൾ മറ്റുള്ളവർ കാണുന്നില്ലെങ്കിലും ദൈവം എപ്പോഴും നമ്മോടൊപ്പമുണ്ടെന്ന് അറിഞ്ഞുകൊണ്ട് നമ്മുടെ വ്യക്തിത്വത്തിനും മൂല്യത്തിനും വേണ്ടി ദൈവത്തിലേക്ക് നോക്കാനും വെല്ലുവിളികളിൽ സഹിച്ചുനിൽക്കാനും വിശ്വസ്തത പുലർത്താനും അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.



അഖില മലങ്കര പ്രാർത്ഥനാ യോഗം നോർത്ത് സെൻട്രൽ സോണിന്റെ വാർഷിക പ്രതിനിധി സമ്മേളനം പെരുമ്പാവൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വച്ചു നടന്നു. മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു.



കോയമ്പത്തൂർ, തടാകം ക്രിസ്തുശിഷ്യ ആശ്രമം സ്ഥാപകനും മലങ്കര സഭാ ബന്ധുവുമായ ബിഷപ്പ് ഹെർബർട്ട് പെക്കൻഹാം വാൾഷ് പിതാവിന്റെ 66-ാമത് ഓർമ്മ പെരുന്നാൾ കൊണ്ടാടി. ഗീവർഗീസ് മാർ കൂറിലോസ് മുഖ്യ കർമികത്വം വഹിച്ചു. സഭയുടെ ഫാ. ഡോ. എം. ഒ. ജോൺ അനുസ്മരണ പ്രഭാഷണം നടത്തി.



പതിനൊന്നാം ബോംബെ ഓർത്തഡോക്സ് കൺവൻഷന്റെ ഭാഗമായി മേഖല അടിസ്ഥാനത്തിൽ നടന്ന കൺവൻഷൻ ഡോംബിവിലി സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഡോ. ഗീവർഗ്ഗീസ് മാർ ബർണബാസ് ഉൽഘാടനം ചെയ്യുന്നു.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര കലാമേള (ജ്വാല 2025) മാവേലിക്കര ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. എബ്രഹാം മാർ എപ്പിഫാനിയോസ് ഉദ്ഘാടനം ചെയ്തു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ദനഹായ്ക്കു ശേഷം രണ്ടാം ഞായർ

(വി. യോഹന്നാൻ 1:43-51)

ഫാ. മോൻസി ഫിലിപ്പ്

ദനഹാപെരുന്നാളിനുശേഷം രണ്ടാം ഞായർ യേശുതമ്പുരാൻ പരസ്യശുശ്രൂഷ ആരംഭിക്കുന്ന ആദ്യനാളുകൾ ശിഷ്യഗണത്തിലേക്ക് ആളുകളെ വിളിക്കുന്ന സന്ദർഭം.

വേദഭാഗം

വി. യോഹന്നാൻ 1:43-51

ബേത്ത്സയിദക്കാരനായ ഫിലിപ്പോസിനെ യേശുതമ്പുരാൻ ശിഷ്യഗണത്തിലേയ്ക്ക് വിളിക്കുന്നു. ഫിലിപ്പോസ് നഥനിയേലിനെ കണ്ടുമുട്ടി നസ്രത്ത്കാരൻ യേശുവിനെപ്പറ്റി സാക്ഷിക്കുന്നു. 'നസറെത്തിൽ നിന്നു വല്ല നന്മയും വരുമോ?" എന്ന് നഥനിയേൽ (1:46) "വന്നു കാണ്മീൻ" എന്ന ഫിലിപ്പോസിന്റെ മറുപടി. "ഇതാ സാക്ഷാൽ യിസ്രായേല്യൻ; ഇവനിൽ കപടം ഇല്ല" (വി. യോഹ. 1:47) നഥനിയേലിനെ കുറിച്ച് ക്രിസ്തു സാക്ഷ്യം. നഥനിയേൽ ക്രിസ്തുവിനോട് "എന്നെ എവിടെവച്ചു അറിയാം" എന്ന ചോദ്യം. ക്രിസ്തുവിന്റെ മറുപടി "ഫിലിപ്പോസ് നിന്നെ വിളിക്കും മുമ്പെ നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു. (വി. യോഹ. 1:48). നഥനിയേൽ "റബ്ബീ നീ ദൈവപുത്രൻ, നീ യിസ്രായേലിന്റെ രാജാവ്" (വി. യോഹ. 1:50) എന്നു പ്രഖ്യാപിച്ചു. തുടർന്ന് ക്രിസ്തു നഥനിയേലേ ഇതിലും വലിയത് നീ കാണും." സ്വർഗ്ഗം തുറന്നിരിക്കുന്നതും, മനുഷ്യപുത്രന്റെ അടുക്കൽ ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും" (വി. യോഹ. 1:51). വേദഭാഗ പ്രതിപാദ്യം.

വേദഭാഗചിന്തകൾ

I. ഫിലിപ്പോസും നഥനിയേൽ തമ്മിലുള്ള കണ്ടുമുട്ടൽ - "വന്നു കാണ്മിൻ"

വി. യോഹന്നാൻ 1:43-46

യേശുതമ്പുരാൻ ഗലീലയ്ക്കു പുറപ്പെടുവാൻ ഭാവിക്കുമ്പോൾ ഫിലിപ്പോസിനെ കണ്ടു എന്നെ അനുഗമിക്ക എന്നു കല്പിച്ചു ശിഷ്യഗണത്തിലേയ്ക്ക് ക്ഷണിക്കുന്നു. അവൻ പത്രോസിന്റെയും അന്ത്രയോസിന്റെയും പട്ടണമായ ബെത്ത്സയിദാക്കാരൻ ആയിരുന്നു. ഫിലിപ്പോസ് നഥനിയേലിനെ കണ്ടുമുട്ടുന്നു. അവർ തമ്മിലുള്ള സംഭാഷണവും യേശുവുമായുള്ള കൂടികാഴ്ചയും ശ്രദ്ധേയമാണ്.

'നഥനയേൽ' എന്ന വാക്കിന് "ദൈവത്തിന്റെ ദാനം" എന്നർത്ഥം. ഗലീലയിലെ കാനായിൽ നിന്നുള്ളവൻ (വി. യോഹ. 21:2). യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ നഥനിയേലിനെപ്പറ്റി പറയുന്നുള്ളൂ. ബർത്തലോമായി ആണ് നഥനിയേൽ എന്നും പറയപ്പെടുന്നു. കാരണം നഥനിയേലിന്റെ പേര് സമാന സുവിശേഷങ്ങളിൽ പറയപ്പെടുന്നില്ല. ബർത്തലോമായിയുടെ പേര് യോഹന്നാന്റെ സുവിശേഷത്തിലും പറയുന്നില്ല എന്നതാണ്. അതിനാൽ നഥനിയേൽ തല്മായിയുടെ പുത്രൻ എന്ന് അർത്ഥമുള്ള ബർത്തലോമായി എന്ന് വിശ്വസിക്കപ്പെടുന്നു.

ഫിലിപ്പോസ് നഥനിയേലിനെ കണ്ടുമുട്ടി, ക്രിസ്തുവിനെക്കുറിച്ച് സാക്ഷിക്കുവാനും ക്രിസ്തുവുമായുള്ള കൂടിക്കാഴ്ചയ്ക്കും വഴിതുറന്നു. യേശുവിനെ കണ്ടെത്തുന്നവർക്ക് അവനെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുവാനുള്ള ദൗത്യമുണ്ട്. ഫിലിപ്പോസിന്റെയും നഥനിയേലിന്റെയും കൂടിക്കാഴ്ചയിൽ പ്രത്യേകതകൾ ഉണ്ട്.

1. കണ്ടെത്തിയ ക്രിസ്തുവിനെ നഥനിയേലിന് പരിചയപ്പെടുത്തുന്നു:-

വി. യോഹ. 1:46

"ന്യായപ്രമാണത്തിൽ മോശയും പ്രവാചകൻമാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു; അവൻ യോസേഫിന്റെ പുത്രനായ യേശു എന്ന നസറെത്ത്കാരൻ എന്നു പറഞ്ഞു."

ഭക്തരായ മനുഷ്യരുടെ സംഭാഷണങ്ങളിൽ ആത്മീയ കാര്യങ്ങൾക്ക് പ്രസക്തിയേറും. ക്രിസ്തുവിനെ തിരിച്ചറിഞ്ഞ്, ക്രിസ്തുവിന്റെ വിളികേട്ട ഫിലിപ്പോസ് നഥനിയേലിനു ക്രിസ്തുവിനെ കാട്ടിക്കൊടുത്ത് യേശുവിന്റെ അടുക്കലേക്ക് ആനയിക്കുന്നു. ഇത് ക്രൈസ്തവ ദൗത്യമാണ്. അറിഞ്ഞ സത്യത്തെ പകരുക എന്നത്.

'ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞപ്പോൾ, ആ അനുഭവത്തിന്റെ അതിരില്ലാ ആനന്ദത്തിലലിഞ്ഞപ്പോൾ ഇതുവരെ ഞാൻ ആയിരുന്നത് ചപ്പും ചവറുമെന്ന് തോന്നിപ്പോകുന്നു....."

വി. കൂദാശാനുഭവങ്ങളിലൂടെ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ നമുക്കും മറ്റുള്ളവരിലേക്ക് പകരാം. വി. കുർബ്ബാനയിൽ "ഇത്രയ്ക്കങ്ങ് ഹൃദയം പിളർക്കുന്ന, ഇത്രയ്ക്കങ്ങ് ആശ്വസിപ്പിക്കുന്ന, ഇത്രയ്ക്കങ്ങ് ത്രസിപ്പിക്കുന്ന, ഇത്രയ്ക്കങ്ങ് അടിമുടി നിറയ്ക്കുന്ന ദൈവാനുഭവം വേറെ ഇല്ല." ഇത് നാം അനുഭവിച്ചറിഞ്ഞു. ഇതിന്റെ പ്രതിധ്വനിയാകാം നമുക്കും. ഫിലിപ്പോസ് ക്രിസ്തുവിനെ നഥനിയേലിനെ കാട്ടിക്കൊടുത്തതുപോലെ.

2. നസറെത്തിനെക്കുറിച്ചുള്ള നഥനിയേലിന്റെ ധാരണ

വി. യോഹന്നാൻ 1:46

"നസറത്തിൽ നിന്നു വല്ല നന്മയും വരുമോ?"

നഥനിയേലിന് നസറെത്തിനെക്കുറിച്ച് ചില അനുമാനങ്ങൾ ഉണ്ട്. അവഗണിക്കപ്പെടുകയും പുച്ഛിക്കപ്പെടുകയും ചെയ്ത ഒരു പട്ടണമായിരുന്നു നസറെത്ത്. നമുക്കും ചില സ്ഥലങ്ങളെക്കുറിച്ചും ചില അഭിപ്രായങ്ങളും അനുമാനങ്ങളും ഉണ്ടാകാം. ഇത്തരം അനുമാനങ്ങൾ നമ്മുടെ കാഴ്ചയെ പരിമിതപ്പെടുത്തുന്നു. നമ്മുടെ മാറ്റത്തിന്റെയും വളർച്ചയുടെയും സാധ്യതകളെ ഇല്ലാതാക്കുന്നു. ഇത്തരം നസറെത്ത് അനുമാനങ്ങൾ നമ്മുടെ ജീവിതത്തെ ആഴമില്ലാത്തതും ഉപരിവിപ്ലവുമാക്കുന്നു. അവഗണിക്കപ്പെടുന്നിടത്താണ് ദൈവം സാന്നിദ്ധ്യം കൂടുതൽ പ്രകടമാകുന്നത് എന്ന് നാം തിരിച്ചറിയണം. തുടർന്നുള്ള ഭാഗങ്ങൾ നഥനിയേലിന് അത് മനസ്സിലാക്കുന്നു.

3. 'വന്നു കാണ്മിൻ' - ഫിലിപ്പോസ് പറഞ്ഞു

നഥനിയേലിന് ക്രിസ്തുവിലേയ്ക്കുള്ള ക്ഷണം ക്രിസ്തുവിനെ സംബന്ധിച്ച് സംശയമുന്നയിക്കുന്ന എല്ലാവരോടുമുള്ള ഒരു ആഹ്വാനമാണ് "വന്നു കാൺക" എന്നത്.

"യഹോവ നല്ലവൻ എന്ന് രുചിച്ചറിയുവിൻ" (സങ്കീ: 34:8)

ക്രിസ്തുവിനെ കണ്ടുമുട്ടുന്നവർക്ക് മാത്രമുള്ളതാണ് ക്രിസ്തുമതം. ആരാധനയിൽ യേശുവിനെ വന്നു കാണാനുള്ള ആഹ്വാനം നാം കേൾക്കണം. 'വന്നു കാൺക' എന്ന യോഹന്നാൻ സുവിശേഷകന്റെ പ്രയോഗം 'യേശുവിൽ വിശ്വസിക്കുക' എന്നുകൂടി അർത്ഥമാക്കുന്നു. വിശ്വാസം എന്നാൽ ഒരു പരസ്പര കണ്ടെത്തലാണ്. ദൈവഭവനത്തിൽ അവനുമായി ഒരു പരസ്പര കണ്ടുമുട്ടലിനാണ് യേശു ക്ഷണിക്കുന്നത്. 'വന്നു കാൺക' എന്ന് ഫിലിപ്പോസ് നഥനിയേലിനോട് പറയുന്നതിന് ആധികാരികതയുണ്ട്. യേശുവിനെ കണ്ടനുഭവിച്ച് ഉറപ്പുള്ളവർക്കേ മറ്റുള്ളവരോടും വന്നു കാണ്മാൻ പറയാനാകൂ. ഫിലിപ്പോസ് നൽകുന്ന സാക്ഷ്യം ഉത്തമ ക്രൈസ്തവ സാക്ഷ്യത്തിനുദാഹരണമാണ്.

II. യേശുവും നഥനിയേലും തമ്മിലുള്ള സംഭാഷണ – 'സാക്ഷാൽ യിസ്രായേല്യൻ.'

വി. യോഹന്നാൻ 1:47–51

ഇവിടെ യേശുവും നഥനിയേലും കണ്ടുമുട്ടുന്നു. തുടർന്നുള്ള സംഭാഷണം പ്രത്യേകതകൾ ഉള്ളത്.

1. സാക്ഷാൽ യിസ്രായേല്യൻ – നഥനയേൽ

വി. യോഹന്നാൻ 1:47

തന്റെ അടുക്കലേയ്ക്ക് വരുന്ന നഥനിയേലിനെ കണ്ടിട്ട് ക്രിസ്തു സാക്ഷ്യം.

"ഇതാ സാക്ഷാൽ യിസ്രായേല്യൻ. ഇവനിൽ കപടം ഇല്ല."

ജീവിതത്തിലും, ഹൃദയത്തിലും ഒരു യഥാർത്ഥ യിസ്രായേല്യനിൽ നിന്നും പ്രതീക്ഷിക്കുന്നതെല്ലാം നിലനിർത്തിയിരുന്ന മനുഷ്യൻ. കാപട്യവും വഞ്ചനയും ഒട്ടും ഇല്ലാത്ത മനുഷ്യൻ.

ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു എന്റെ നിരൂപണം നീ വിദൂരത്തു നിന്നും ഗ്രഹിക്കുന്നു" (സങ്കീ. 139:2)

മുൻവിധികളിൽ പിടിച്ചുനിൽക്കാതെ സത്യം മനസ്സിലാക്കുവാൻ സന്നദ്ധരാകണം. നിർമ്മലഹൃദയത്തിന് നാമും ഉടമകളായിതീരണം. "ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കി, യഥാർത്ഥ ക്രിസ്ത്യാനിക്ക് അനുയോജ്യമായ വിധത്തിൽ ജീവിക്കുവാനും, യോഗ്യൻ എന്ന ശബ്ദം കേൾക്കുവാനും ഇടയാക്കണമേ...

2. നഥനിയേലിന്റെ ചോദ്യം – എന്നെ എവിടെവച്ചു അറിയും.

വി. യോഹന്നാൻ 1:48

"എന്നെ എവിടെ വച്ചു അറിയും" യേശുവിന്റെ മറുപടി "ഫിലിപ്പോസ്" നിന്നെ വിളിക്കുന്നതിനു മുമ്പേ നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു."

അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ എന്ന ശൈലി ശ്രദ്ധിക്കേണ്ടതാണ്. ദൈവീക വിചാരത്തിൽ മുഴുകി ഇരിക്കുമ്പോൾ എന്നർത്ഥത്തിലാണ്. യഹൂദമതത്തിലെ വിശ്വാസ തത്വങ്ങളും വേദങ്ങളും അർത്ഥപൂർണ്ണതയോടെ, വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്തിരുന്ന വ്യക്തിയാണ് നഥനിയേൽ. അത്തിയുടെ ചുവട്ടിൽ വേദം പഠിക്കുകയും നിർദ്ദിഷ്ട സമയത്ത് അവിടിരുന്ന് ധ്യാനിക്കുകയും ചെയ്തിരുന്നു. അത്തിയുടെ കീഴിലുള്ള ഇരിപ്പ് സമാധാനത്തിന്റെ ധ്യാനത്തിന്റെയും പ്രതീകമാണ്. (1 രാജാ 4:25; മീഖാ 4:4; സെഖ. 3:10). യെഹൂദാ റാബിമാർ അത്തിയുടെ കീഴിൽ ഇരുന്ന് ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തത് പതിവായിരുന്നു.

ക്രിസ്തുവിനെ നമുക്കും ധ്യാനിക്കാം. ആത്മാർത്ഥമായി,യഥാർത്ഥ വിശ്വാസത്തിൽ നമുക്കും ഒരു ധ്യാനമാകാം.

3. നീ ദൈവപുത്രൻ, യിസ്രായേലിന്റെ രാജാവ്–തിരിച്ചറിവ്

വി. യോഹന്നാൻ 1:50

നഥനയേൽ അവനോട്: "റബ്ബീ, നീ ദൈവപുത്രൻ നീ യിസ്രായേലിന്റെ രാജാവു എന്നു പറഞ്ഞു."

നഥനിയേലിന്റെ പഠനത്തിന്റെയും ധ്യാനത്തിന്റെയും പ്രധാന വിഷയം മശിഹായെക്കുറിച്ചായിരുന്നു. കാണുന്നതിനും, കേൾക്കുന്നതിനും സാധിക്കാത്ത വിധം അകലെയായി ഒരു അത്തിവൃക്ഷത്തിന്റെ കീഴിൽ ഇരിക്കുമ്പോൾ നഥനിയേലിനെ യേശു ദൈവീകമായി കണ്ടത്. ഈ സത്യം മനസ്സിലാക്കി നഥനിയേൽ യേശുവിനെ ദൈവപുത്രൻ എന്നു വിളിക്കുന്നു.

ദൈവവെളിച്ചം കടന്നുവരുമ്പോൾ ഇരുൾ മാറി പ്രകാശിക്കും. അത് തിരിച്ചറിവാണ് അജ്ഞത അന്ധത പകരുന്നു. ദൈവത്തെ ഉൾക്കാഴ്ചയോടെ മനസ്സിലാക്കുമ്പോൾ സ്വർഗ്ഗീയ ദർശനങ്ങളും മഹത്വത്തിന്റെ അനുഭവങ്ങളും ക്രിസ്തു നമുക്ക് അനുഭവവേദ്യമാക്കും. നഥനിയേലിന് ലഭിച്ചതുപോലെ ഒരനുഭവം. തിരിച്ചറിവ് നമ്മിൽ വലിയ ഒരു വിപ്ലവം സൃഷ്ടിക്കട്ടെ.

"അജ്ഞാനതിമിരാന്ധസ്യാ
ജ്ഞാനാഞ്ജന ശലാകയാ
ചക്ഷുരുൻമീലികം യേന
തസ്മൈ ശ്രീ ഗുരുവേ നമഃ"

– ശങ്കരാചാര്യർ

(അജ്ഞാനമാകുന്ന തിമിരം കൊണ്ട് അന്ധത ബാധിച്ച് കണ്ണുകളെ ജ്ഞാനമാക്കുന്ന അജ്ഞനശലാക (മഷിക്കോൽ) കൊണ്ട് തുറക്കുന്നത് ഏതു ഗുരുവാണോ ആ ഗുരുവിനെ ഞാൻ നമസ്കരിക്കുന്നു.)

"റബ്ബൂനീ" – "നല്ല ഗുരോ" – നീയാണെന്റെ ഗുരു, അത് ക്രിസ്തു.

❑




പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജ് വജ്ര ജൂബിലി ആഘോഷങ്ങളുടെ സമാപനം കുറിച്ചു നടന്ന സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.



പരുമല സെമിനാരി മാനേജരുടെ ചുമതലകളിലേക്ക് ഫാ. എൽദോ ഏലിയാസിനെ പ. കാതോലിക്കാ ബാവാ നിയമിച്ചു.

പുസ്തകം



മാവേലിക്കരയും പടിയോലകളും

പേജുകൾ 276. വില 480 രൂപ

പ്രസാധകർ: മഷിക്കൂട്ട് ഇംപ്രിന്റ്, കോട്ടയം

കോപ്പികൾക്ക്: Mob: 97440 62726



Second Sunday after Denaha

(St. John 1:42-51)

The Call to Discipleship and the Revelation of Christ

Dn. Aaron Joshua John

This passage introduces us to the unfolding of Christ's ministry through His personal call to His disciples. The narrative begins with Jesus renaming Simon as Peter (Cephas), indicating the transformative power of encountering the Messiah. It culminates in His interaction with Nathanael, where Jesus reveals His divine insight and promises a greater revelation: "You will see heaven opened, and the angels of God ascending and descending on the Son of Man" (John 1:51). This passage underscores the themes of divine revelation, the role of discipleship, and the fulfilment of Old Testament prophecies in Jesus Christ.

1. Encountering Christ: Transformation and Calling

When Simon is brought to Jesus, He immediately recognizes his potential, renaming him Cephas, which means rock. This act signifies not only a new identity but also a new mission, as Simon will become the foundation of the Church (Matthew 16:18). This renaming reflects the biblical pattern where God gives a new name to those He calls into His service, as seen with Abram becoming Abraham (Genesis 17:5) and Jacob becoming Israel (Genesis 32:28). It reveals that an encounter with Christ redefines one's life, setting the person apart for divine purposes. Nathanael's encounter with Christ is equally transformative. Initially sceptical, he questions whether "anything good can come out of Nazareth" (John 1:46). However, when Jesus demonstrates His divine knowledge by describing Nathanael's actions under the fig tree, Nathanael recognizes Him as the Son of God and the King of Israel. This moment illustrates the power of Christ's revelation to overcome doubt and inspire faith. Nathanael's response also highlights the Messianic expectations rooted in the Old Testament, which Jesus fulfils. As Orthodox Christians, this passage challenges us to reflect on our personal encounters with Christ. Just as Simon and Nathanael were called into a life of discipleship, we too are called to respond to His invitation with faith and commitment, allowing His presence to transform our lives.

2. Jesus as the Fulfilment of Old Testament Prophecy

The reference to "heaven opened, and the angels of God ascending and descending on the Son of Man" (John 1:51) connects Jesus to the vision of Jacob's ladder in Genesis 28:12. In Jacob's dream, the ladder symbolizes the connection between heaven and earth, affirming God's presence and promises. Jesus identifies Himself as the true ladder, the ultimate mediator between God and humanity. Through His Incarnation, He bridges the gap caused by sin, bringing the fullness of God's revelation to His people. This imagery also reflects the priestly and kingly roles of Christ. As the Son of Man, He embodies both the human and divine, uniting heaven and earth in His person. This promise to Nathanael prefigures the greater revelations of Christ's glory, seen in His miracles, His Transfiguration, and ultimately His Resurrection and Ascension.

3. The Call to Faithful Discipleship

The passage emphasizes the role of discipleship in bearing witness to Christ. Andrew brings Simon to Jesus, and Philip invites Nathanael, showing



how the early disciples participated in the mission of sharing the good news. This model of evangelism reminds us that faith is not a solitary journey but a communal one, where we are called to lead others to Christ. The scepticism of Nathanael also resonates with our modern challenges of faith. His transformation from doubt to belief encourages us to approach Christ with honesty, trusting that He will reveal Himself in ways that address our doubts and affirm our faith. Jesus' words to Nathanael point beyond the immediate moment to the greater reality of His mission. The promise of "greater things" is a call to faith and hope, inviting us to look beyond the visible and trust in the unfolding of God's plan through Christ.

As Orthodox Christians, we are invited to deepen our discipleship, recognizing Christ as the ultimate revelation of God's love and truth. It calls us to bring others to Him, to trust in His transformative power, and to live with the expectation of the "greater things" that He promises to those who follow Him. Let us, like Nathanael, move from scepticism to faith, opening our hearts to the divine vision of Christ as the mediator of heaven and earth.

❑



Dr Zisa Thomas (Vice Chancellor, Digital University) receiving the Kottayam Cheriapalli Marian Award for excellence, from Dr Yuhanon Mar Dimithrios. Fr Mohan Joseph, Fr Thomas George, Justice Benjamin Koshy, Dr. Paul Manalil, Alex Andrews from left.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് മഹാ ഇടവകയുടെ ആത്മീയ–ജീവ കാരുണ്യ പ്രസ്ഥാനമായ മാർ ബസേലിയോസ് മൂവ്മെന്റിന്റെ കാവൽ പിതാവായ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 61–ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് സംഘടിപ്പിച്ച കുടുംബസംഗമത്തിന്റെ ഉദ്ഘാടനം അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. മാർ ബസേലിയോസ് മൂവ്മെന്റിന്റെ പ്രസിഡണ്ട് ഫാ. ഡോ. ബിജു പാറയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു.




കാതോലിക്കേറ്റ് & എം ഡി സ്കൂൾസിന്റെ കീഴിൽ പ്രവർത്തിക്കുന്ന വെണ്ണിക്കുളം എം.ഡി. എൽ.പി. സ്കൂളിൽ പുതുതായി വാങ്ങിയ സ്കൂൾ ബസിന്റെ കൂദാശാകർമ്മം കോർപറേറ്റ് & എം.ഡി. സ്കൂൾ മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.



ഏഞ്ചലിയ മരിയ മാത്യു ഈ വർഷത്തെ മലങ്കര ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ പ്രതിഭ മത്സരത്തിൽ ‘സൺഡേസ്കൂൾ പ്രവീൺ’ അവാർഡിന് അർഹയായി. മുൻ ‘വാഗ്മി തിലകം’ ആണ്. ഫാ. ബിജു എബി മാത്യൂസിന്റെയും അഡ്വ. ജാസ്മിൻ എബി മാത്യൂസിന്റെയും മകളാണ്. കൊച്ചി ഭദ്രാസനത്തിലെ തേവര സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.



ഞാലിയാകുഴി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയുടെ നവീകരിച്ച പാരിഷ് ഹാളിന്റെ കൂദാശയും ഉദ്ഘാടനവും ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് നിർവ്വഹിച്ചു.



സണ്ടേസ്കൂൾ മത്സരങ്ങളിൽ മികച്ച ഗായകനുള്ള ‘ഗാനസുഗന്ധി’ അവാർഡ് കരസ്ഥമാക്കിയ സ്റ്റീവ് സന്തോഷ്. കൊച്ചി ഭദ്രാസനത്തിലെ കാക്കനാട് സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് ഇടവകാംഗം ക്യാപ്റ്റൻ സന്തോഷിന്റെയും സൂസൻ സന്തോഷിന്റെയും മകനാണ്. മാവേലിക്കര ഭദ്രാസനത്തിലെ കായംകുളം കാദീശാ ഓർത്തഡോക്സ് കത്തീഡ്രൽ ദൈവാലയമാണ് മാതൃ ഇടവക.